പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാൽപ്പത്തി ഒൻപതാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## നാൽപ്പത്തി ഒൻപതാമത് റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2006-07 വരെയുള്ള
വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
തിരുവനന്തപുരം നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ്
ഖണ്ഡികകൾ സംബന്ധിച്ച്

91/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 36 |
| അനുബന്ധം II : സർക്കാർ മറുപടി | .. | 48 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2014-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) നാൽപ്പത്തി ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2006-07 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ഡിസംബർ മാസം 3-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2015 ഡിസംബർ 15.

# റിപ്പോർട്ട്

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2006-07 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിലെ തിരുവനന്തപുരം നഗരസഭയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയെ അടിസ്ഥാനമാക്കിയുള്ളത്

ഓഡിറ്റ് ഖണ്ഡിക

**വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ വന്ന അപാകതകൾ**

സംസ്ഥാനത്തെ വിവിധ നഗരസഭകളുടെ കുടിശ്ശികയായ വാർഷിക കണക്കുകൾ സമയബന്ധിതമായി തയ്യാറാക്കി കുടിശ്ശികരഹിതമാക്കുവാനുള്ള സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ തിരുവനന്തപുരം നഗരസഭയുടെ കണക്കുകൾ പൂർത്തിയാക്കാൻ കൈക്കൊണ്ട നടപടികൾ പരിശോധിച്ചതിൽ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി.

1994-95 മുതൽ 1999-2000 വരെയുള്ള ആറ് വർഷത്തെ ഡി. സി. ബി.യും വാർഷിക കണക്കുകളും നഗരസഭയിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞ 25 പേരുടെ സേവനം പ്രയോജനപ്പെടുത്തി പൂർത്തിയാക്കുന്നതിന് ഒരാൾക്ക് പ്രതിദിനം 140 രൂപ ക്രമത്തിൽ വർഷം ഒന്നിന് 2,52,000 രൂപപ്പു ആറ് വർഷത്തേക്ക് 15,00,000 രൂപ ചെലവാക്കുന്നതിനാണ് കമ്മിറ്റി തീരുമാനം. 31-10-2002 വരെ 1996-97 വർഷം വരെയുള്ള കണക്കുകൾ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ഇതിലേക്കുവേണ്ടി ആകെ 15,44,275 രൂപ ചെലവാക്കിയിട്ടുണ്ട്. 2-12-2000-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 4828/2000/ത.സ്വ.ഭ.വ. പ്രകാരം ഡി. സി. ബി. തയ്യാറാക്കുന്നതിന് പ്രതിവർഷം 40,000 രൂപ വീതം പ്രതിഫലം നല്കുന്നതിനാണ് സർക്കാർ അംഗീകാരം നല്കിയിട്ടുള്ളത്. ഈ രീതിയിൽ കണക്കാക്കുമ്പോൾ സർക്കാർ അംഗീകരിച്ച നിരക്കും നഗരസഭ നല്കിയ നിരക്കും തമ്മിൽ പ്രതിവർഷം ഏകദേശം 2,12,000 രൂപയുടെ വ്യത്യാസം കാണുന്നു. ഇത്രയും ഭാരിച്ച തുക ചെലവാക്കിയിട്ടും ഉദ്ദേശിച്ചതിന്റെ പകുതിപോലും കണക്കുകളുടെ കുടിശ്ശിക നിർമ്മാർജ്ജനം ചെയ്യുവാൻ സാധിച്ചിട്ടില്ല. കൂടാതെ തയ്യാറാക്കിയ കണക്കുകൾ പ്രഥമദൃഷ്ട്യാതന്നെ അപാകതകൾ നിറഞ്ഞതുമായിരുന്നു.

നഗരസഭയുടെ കണക്കുകൾ ഇതിനോടകം തന്നെ 2001-02 വരെ കുടിശ്ശികയായി കഴിഞ്ഞിരിക്കുകയാണ്. ഇപ്രകാരം വീണ്ടും അഞ്ച് വർഷത്തെ കുടിശ്ശിക ഉണ്ടായ സ്ഥിതിക്ക് കണക്കുതയ്യാറാക്കലിന്റെ നിജസ്ഥിതി ഗവൺമെന്റ് നേരിട്ട് അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ VII. III. 1(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിലെ വാർഷിക കണക്ക് തയ്യാറാക്കിയതിലെ അപാകതകൾ സംബന്ധിച്ച ചോദ്യത്തിന് ഇപ്പോൾ കണക്കുകൾ തയ്യാറാക്കുന്നത് ഓൺലൈനിലാണെന്നും എല്ലാം അപ്-ടു-ഡേറ്റ് ആണെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

2. 1997-98-ൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഫണ്ടുകൾ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൈമാറിയപ്പോൾ വാർഷിക കണക്ക് തയ്യാറാക്കുന്നതിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുവാൻ, വിരമിച്ച ഉദ്യോഗസ്ഥരെയോ പ്രൈവറ്റ് ഏജൻസികളെയോ ഉപയോഗിച്ച് തയ്യാറാക്കുന്നതിന് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും യഥാക്രമം 4,000 രൂപയും 40,000 രൂപയും അനുവദിച്ചുവെന്നും എന്നാൽ ആയത് മതിയാകാതെ വന്ന സാഹചര്യത്തിൽ കമ്പ്യൂട്ടറൈസ്ഡ് ഡബിൾ എൻട്രി സിസ്റ്റം നടപ്പാക്കിയെന്നും ഇപ്പോൾ കണക്കുകൾ അപ്-ടു-ഡേറ്റ് ആണെന്നും എസ്. പി. എ. ഒ. സമിതിയെ അറിയിച്ചു. പ്രസ്തുത സമ്പ്രദായത്തിലൂടെ കണക്കുകൾ തയ്യാറാക്കുന്നതിൽ കാര്യമായ പുരോഗതിയുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷനിൽ കണക്കുകൾ അപ്-ടു-ഡേറ്റ് ആണെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

3. വാർഷിക കണക്ക് തയ്യാറാക്കുന്നതിന് 6 വർഷത്തേക്ക് സർക്കാർ അനുമതിയില്ലാതെ 15,44,275 രൂപ നല്കുകയും ടി തുക കൈപ്പറ്റിയിട്ട് കേവലം മൂന്ന് വർഷത്തെ കണക്കുകൾ മാത്രം പൂർത്തിയാക്കുകയും ചെയ്തതിനെതിരെ നിയമപരമായി സ്വീകരിച്ച നടപടിയെന്തെന്നും, തുക അനുവദിച്ച കമ്മിറ്റി തീരുമാനത്തിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനെക്കുറിച്ചും ഇപ്പോൾ സമാന ജോലിക്ക് 40,000-ന് പകരം 4,00,000 രൂപ ഒരു വർഷത്തേക്ക് അനുവദിച്ച നടപടിയെപ്പറ്റിയും സമിതി ആരാഞ്ഞതിന് നഗരസഭാ സെക്രട്ടറി മറുപടി പറയാത്തതിനാൽ തുക മതിയാകാതെ വന്നപ്പോൾ ഗവൺമെന്റിനോട് കൂടുതൽ തുക ആവശ്യപ്പെടാതിരുന്നതിനാലാണ് അപാകത വന്നതെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

4. ഒരു വർഷത്തേക്ക് 2,52,000 രൂപ ചെലവായ ജോലിക്ക് 40,000 രൂപ അനുവദിച്ചതിന്റെ മാനദണ്ഡമെന്താണെന്നും എഗ്രിമെന്റ് വച്ചിരുന്നോയെന്നും സമിതി ആരാഞ്ഞതിന് ദിവസവേതനാടിസ്ഥാനത്തിലാണ് ആദ്യം മൂന്ന് വർഷം ജോലി ചെയ്തതെന്ന് എസ്. പി. എ. ഒ. സമിതിയെ അറിയിച്ചു.

5. ജോലി പൂർത്തിയാക്കാതെ മുഴുവൻ തുകയും അനുവദിച്ചത് അന്വേഷിക്കുന്നതിനുള്ള ഉത്തരവാദിത്വം സെക്രട്ടറിക്കാണെന്നും സർക്കാർ അനുവദിച്ച തുക അപര്യാപ്തമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിരുന്നെന്നും ജോലി പൂർത്തിയാക്കാത്തവർക്കെതിരെ നടപടിയെടുക്കേണ്ടതായിരുന്നുവെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

6. ഒരു ജോലി പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കാത്ത സർക്കാരിന്റെ ഭാഗത്തും സർക്കാർ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ച കോർപ്പറേഷന്റെ ഭാഗത്തും തെറ്റുള്ളതായി സമിതി അഭിപ്രായപ്പെട്ടു. ആവശ്യമായ പണം ധനകാര്യ വകുപ്പ് അനുവദിക്കാത്തതിനാലാണ് ഇത്തരം തെറ്റുകൾ ഉണ്ടാകുന്നതെന്നും ഭാവിയിൽ മതിയായ തുക അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്നും ധനകാര്യ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

7. മൂന്ന് വർഷത്തെ കണക്കുകൾ തയ്യാറാക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിക്കാത്തതിന് ഉത്തരവാദികൾ ആരാണെന്നും സ്വീകരിച്ച നടപടിയെന്തെന്നും തുക അനുവദിച്ച കമ്മിറ്റി തീരുമാനത്തിന്റെ രേഖകളും ആറ് വർഷത്തെ ജോലിക്ക് അനുവദിച്ച തുക മൂന്ന് വർഷത്തെ ജോലി പൂർത്തിയായപ്പോൾ തന്നെ നല്കിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ, അവർക്കെതിരെ സ്വീകരിച്ച നടപടി ഇപ്പോൾ ഒരു വർഷത്തേക്ക് 4,00,000 രൂപ അനുവദിച്ചതിന്റെ കാരണം എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു. കൂടാതെ ഭാവിയിൽ ഇത്തരം ജോലികൾക്ക് മതിയായ തുക അനുവദിക്കുവാൻ ധനകാര്യ വകുപ്പ് ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് മുഖേന സർക്കാർ ലഭ്യമാക്കിയ അധിക വിവരവും ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

8.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| തിരുവനന്തപുരം നഗരസഭയുടെ 2002-03-ലെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശമാണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്. 31-10-2002 വരെ, | ഡി. സി. ബി. തയ്യാറാക്കുന്നതിന് അധിക തുക ചെലവഴിച്ചത് കമ്മിറ്റി തീരുമാനം അനുസരിച്ചാണെന്നും പിന്നീട് എല്ലാ നഗരസഭകളിലും ഡി. സി. ബി. തയ്യാറാക്കു |

| | |
|---|---|
| 1996-97 വർഷം ഓഡിറ്റ് വരെയുള്ള കണക്കുകൾ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ എന്നാണ് ഒരു പരാമർശം. എന്നാൽ 31-10-2002-ന് ശേഷം തുടർന്നുള്ള വർഷങ്ങളിലെ ഡി.സി.ബി.യും വാർഷിക കണക്കുകളും തയ്യാറാക്കി ഓഡിറ്റിന് നൽകിയിട്ടുണ്ട്.<br><br>1994-95 മുതൽ 1999-2000 വരെയുള്ള ഡി. സി. ബി. വാർഷിക കണക്ക് ഇവ തയ്യാറാക്കുന്നതിന് നഗരസഭയിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞ ജീവനക്കാരെക്കൊണ്ട് തയ്യാറാക്കാനും പ്രതിഫലമായി വർഷം ഒന്നിന് 2,52,000 രൂപ വീതം നൽകാനും 19-1-2000-ൽ കൂടിയ നഗരസഭാ കൗൺസിലിന്റെ 3(എ) (6)-ാം നമ്പർ തീരുമാനപ്രകാരം അനുവാദം നൽകിയിട്ടുണ്ട്, ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻപറ്റി പിരിഞ്ഞ 25 ജീവനക്കാരെ നിയോഗിച്ച് ഡി. സി. ബി. ജോലി നടത്തി വന്നിരുന്നതുമാണ്. എന്നാൽ ഒരു വർഷത്തെ ഡി. സി. ബി. തയ്യാറാക്കുന്നതിന് സർക്കാർ അനുവാദം 40,000 രൂപ മാത്രമാണ്. സർക്കാർ ഒരു വർഷത്തേക്ക് അനുവദിച്ച തുക തിരുവനന്തപുരം നഗരസഭയെപ്പോലുള്ള സ്ഥാപനത്തിന്റെ ഡി. സി. ബി. തയ്യാറാക്കുന്നതിന് പര്യാപ്തമായിരുന്നില്ല. 25 ജീവനക്കാർക്ക് 140 രൂപ നിരക്കിൽ ഒരു ദിവസത്തേക്ക് 3,500 രൂപ വേണ്ടി വന്നിരുന്നു. അപ്രകാരം പരിശോധിച്ചാൽ തന്നെ ഒരു മാസം 24 ദിവസത്തെ പ്രവൃത്തി ദിവസം കണക്കാക്കിയാൽ തന്നെ | ന്നതിന് 4,00,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ടെന്നും ആയതിനാൽ തടസ്സം ഒഴിവാക്കണമെന്നും സെക്രട്ടറി മറുപടി നൽകിയിരിക്കുന്നു. എന്നാൽ ടി വാർഷിക കണക്ക് തയ്യാറാക്കിയ കാലയളവിൽ സർക്കാർ അനുവദിച്ചതിനെക്കാളും കൂടുതൽ തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കിയതായും കാണുന്നില്ല.<br><br>തിരുവനന്തപുരം നഗരസഭയുടെ 1990-91 സാമ്പത്തിക വർഷത്തിലെ ഡി. സി. ബി. ഒഴികെ 2013-14 വരെയുള്ള എല്ലാ വാർഷിക അക്കൗണ്ടുകളും ഡി.സി.ബി. കളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ഡി. സി. ബി. തയ്യാറാക്കുന്നതിന് സർക്കാർ അനുവദിച്ചതിലും അധികം തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. |

84,000 രൂപ ചെലവ് വന്നതായി കാണാം. ഇതിൽ നിന്നും സർക്കാർ അനുമതി തന്നിട്ടുള്ള 40,000 രൂപ എന്നത് വളരെ പരിമിതമായ തുകയാണെന്ന് വ്യക്തമാണ്. എല്ലാ നഗരസഭകളിലും ഡി. സി. ബി., തയ്യാറാക്കുന്നതിന് പിന്നീട് സർക്കാർ തലത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാന ത്തിൽ ഒരു വർഷത്തെ ഡി. സി. ബി. വാർഷിക കണക്ക് ഇവ തയ്യാറാക്കുന്നതിന് കോർപ്പറേഷന് 4.5 ലക്ഷം രൂപ വരെ ചെലവാക്കാൻ അനുവദിച്ചുകൊണ്ട് എം എസ്. നമ്പർ 104/2005 ത.സ്വ.ഭ.വ. ഡി. സി. ബി. തയ്യാറാക്കാൻ 4.5 ലക്ഷം രൂപ പ്രതിവർഷം ചെലവാക്കാൻ അനുവദിച്ച കാലയളവിലെ ജോലി ഭാരം തന്നെയാണ് 1994-95 മുതൽ 1996-97 വരെ ഡി. സി. ബി. എടുത്ത ജോലിക്കാർക്കും ഉണ്ടായിരുന്നത്. സമാന ജോലി ചെയ്യുവർക്ക് ഇപ്പോൾ 4.5 ലക്ഷം രൂപ അനുവദിച്ചത് പ്രകാരം കണക്കാക്കിയാൽ 1994-95 മുതൽ 1996-97 വരെ ചെലവായ തുക ഇക്കാര്യത്തിന് വേണ്ടി വരുമെന്നുള്ള താണ്. ടി കാലയളവിൽ സർക്കാർ അനുവദിച്ചതിനെക്കാളും കൂടുതൽ തുക ചെലവഴിച്ചതിന് സാധൂകരണം ലഭിക്കുന്ന തിന് ബഹു. സർക്കാരിന് 4-1-2012-ൽ എ 11/20354/05 (വോള്യം 2) പ്രകാരം കത്ത് നൽകിയിട്ടുണ്ട്.

തുടർന്നുള്ള വാർഷിക കണക്ക് പ്രൈവറ്റ് ഏജൻസിയായ മെ. കണ്ണൻ ആന്റ് കാസിം എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും 1998-99 മുതൽ 2004-05 വരെയുള്ള

| | |
|---|---|
| വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി വാർഷിക കണക്കുകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. ഇത് നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ നഗരസഭയുടെ അക്കൗണ്ടിംഗ് സിസ്റ്റം കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് ഡബിൾ എൻട്രി സിസ്റ്റത്തിലാക്കിയിട്ടുണ്ട്. 2010-11 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി അയച്ചു കഴിഞ്ഞു. ഈ പ്രവൃത്തി പ്രൈവറ്റ് ഏജൻസികളെ ഏൽപ്പിച്ചിട്ടില്ലാത്തതും, നഗരസഭാ ഉദ്യോഗസ്ഥരെക്കൊണ്ട് തന്നെയാണ് തയ്യാറാക്കിയിട്ടുള്ളതുമാണ്.<br><br>1991-92 മുതൽ 1993-94 വരെയുള്ള 3 വർഷങ്ങളിലെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല എന്ന് ഓഡിറ്റിൽ പറഞ്ഞിരിക്കുന്നു.<br><br>ടി കാലയളവിലെ വാർഷിക കണക്ക് മെ. ഫിലിപ്പ് ആന്റ് മാത്യു എന്ന് പേരുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനം തയ്യാറാക്കി സമർപ്പിക്കുകയും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുള്ളതാണെന്ന് എ 11/20354/05 (വോള്യം 2) നമ്പരായി 20-6-2007-ൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാൽ ടി കാലയളവിലെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭിച്ചിട്ടില്ലെന്നും അവ വീണ്ടും അയച്ചുകൊടുക്കണമെന്നും | |

| | |
|---|---|
| സർക്കാർ 16-1-2009-ലെ കത്തിൽ നിർദ്ദേശിച്ച പ്രകാരം അന്വേഷണം നടത്തിയതിൽ പഴയ രേഖകൾ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും അവ വീണ്ടും അയയ്ക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നുമാണ് 22-5-2010-ലെ കത്തിൽ നഗരസഭാ സെക്രട്ടറി സർക്കാരിനെ അറിയിച്ചത്.<br><br>വാർഷിക കണക്കിന്റെ പകർപ്പ് ലഭിക്കുന്നതിനായി ടി കാലയളവിലെ വാർഷിക കണക്ക് തയ്യാറാക്കിയ മെ. ഫിലിപ്പ് ആന്റ് മാത്യു എന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനവുമായി ബന്ധപ്പെട്ടുവെങ്കിലും വളരെ പഴക്കമുള്ള റിക്കാർഡുകൾ ആയതിനാൽ അവ ഇപ്പോൾ അവിടെ ലഭ്യമല്ലായെന്നാണ് അവർ അറിയിച്ചത്. തുടർന്ന് അവരെ ടി ജോലിക്ക് നിയോഗിച്ച കെ. യു. ഡി. പി. ഓഫീസുമായി ബന്ധപ്പെടാൻ ശ്രമിച്ചു വെങ്കിലും ടി ഓഫീസ് നിർത്തലാക്കി എന്നറിഞ്ഞു. പകരം ആരംഭിച്ച കെ. എസ്. യു. ഡി. പി. പദ്ധതിയുടെ ഓഫീസുമായി ബന്ധപ്പെട്ടുവെങ്കിലും ടി വാർഷിക കണക്കിന്റെ പകർപ്പ് ലഭിച്ചിട്ടില്ല. | |

**നിഗമനങ്ങൾ/ശിപാർശകൾ**

9. **അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഫണ്ടുകൾ കൈമാറിയപ്പോൾ കുടിശ്ശികയായ വാർഷിക കണക്ക് തയ്യാറാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമായി സർക്കാർ അനുവദിച്ചതിനേക്കാൾ അധിക തുക നഗരസഭ ചെലവഴിച്ചതായി സമിതി മനസ്സിലാക്കുന്നു. സർക്കാർ അനുവദിച്ചതിനേക്കാൾ അധികം തുക ചെലവഴിച്ചതിന് നഗരസഭ നല്കിയിട്ടുള്ള വിശദീകരണം പൂർണ്ണമായും തൃപ്തികരമല്ല. ഓരോ ശീർഷകത്തിനും ആവശ്യത്തിനും അനുവദിക്കുന്ന തുക**

**ചെലവാക്കുവാൻ മാത്രമേ അതത് അധികാരസ്ഥാനങ്ങൾക്ക് അധികാരമുള്ളൂ. അനുവദിക്കപ്പെട്ട തുക ഉദ്ദിഷ്ടകാര്യത്തിന് അപര്യാപ്തമാണെങ്കിൽ ആ വിവരം ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനത്തെ ബോധ്യപ്പെടുത്തി മതിയായ അനുമതി നേടി മാത്രമേ ചെലവ് ചെയ്യാൻ പാടുള്ളൂ. അതുപോലെ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാവർത്തികമാക്കേണ്ട സംഗതികൾ നിശ്ചയിച്ച് നല്കുമ്പോൾ അതിനാവശ്യമായ പണം കൂടി പ്രദാനം ചെയ്യുന്നതിന് സർക്കാർ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മേൽപരാമർശിച്ച സംഗതിയിൽ അനുവദിച്ച തുകയേക്കാൾ അധികം തുക ചെലവാക്കിയ നടപടി അംഗീകരിക്കത്തക്കതല്ലെങ്കിലും കുടിശ്ശിക വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് അനുവദിച്ച തുക പര്യാപ്തമായിരുന്നില്ല എന്ന നഗരസഭയുടെ വാദം യുക്തിസഹമാണെന്ന് സമിതി വിലയിരുത്തുന്നു. 1990-91 കാലയളവിലെ വാർഷിക കണക്കുകളൊഴികെ 2013-14 വരെയുള്ള എല്ലാ വാർഷിക കണക്കുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കാലയളവിലെ വാർഷിക കണക്കുകൾ കൂടി ഓഡിറ്റിന് ഹാജരാക്കുവാനും അധികം ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച് സർക്കാർ അടിയന്തരമായി തീരുമാനം എടുത്ത് റിപ്പോർട്ട് സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഭാവിയിൽ ഇത്തരം ജോലികൾക്ക് മതിയായ തുക അനുവദിക്കുവാൻ ധനകാര്യ വകുപ്പ് ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 245 (1) A, B എന്നീ വകുപ്പുകളനുസരിച്ച് താല്ക്കാലിക ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2000-01 വർഷത്തെ ചെലവിനങ്ങളുടെ ഓഡിറ്റ് നടത്തിയപ്പോൾ താല്ക്കാലിക ജീവനക്കാർക്ക് നല്കിയ തുകയിൽ നിന്നും ടി നിയമത്തിലെ 254(2) വകുപ്പ് പ്രകാരം യാതൊരു തുകയും തൊഴിൽ നികുതിയായി ഈടാക്കിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. ഈയിനത്തിൽ ആകെ 12,767 രൂപ പിരിഞ്ഞുകിട്ടേണ്ടതുണ്ട്. തുക പിഴപ്പലിശ സഹിതം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം ഇതിനുത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ VII. III. 1(ii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

10. ഓഡിറ്റ് നിരീക്ഷണം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് താല്ക്കാലിക ജീവനക്കാർ 60 ദിവസം തുടർച്ചയായി ജോലി നോക്കിയാൽ മാത്രമേ തൊഴിൽ നികുതി വസൂൽ ചെയ്യുവാൻ സാധിക്കുകയുള്ളുവെന്നും 2000 ഡിസംബറിലാണ് പരാമർശവിധേയരായ ജീവനക്കാർ ജോലിയിൽ പ്രവേശിച്ചതെന്നും ജനുവരി മാസം തൊഴിൽ നികുതി ഈടാക്കിയപ്പോൾ ഇവർ 60 ദിവസം തുടർച്ചയായി ജോലി ചെയ്തിരുന്നില്ലെന്നും ആയതിനാലാണ് തൊഴിൽ നികുതി ഈടാക്കാതിരുന്നതെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി പറഞ്ഞു. 1-10-2000 മുതൽ 31-3-2001 വരെയുള്ള അർദ്ധ സാമ്പത്തിക വർഷത്തിൽ താല്ക്കാലിക ജീവനക്കാർ ജോലി നോക്കിയിട്ടും റവന്യൂ ഓഫീസർ നികുതി ഈടാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. ഇക്കാര്യത്തിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ഒരു അർദ്ധവർഷത്തിൽ 60 ദിവസം തുടർച്ചയായി ജോലി നോക്കിയിട്ടുണ്ടെങ്കിൽ നികുതി പിരിക്കേണ്ടതായിരുന്നുവെന്ന് എസ്. പി. എ. ഒ. സമിതിയെ അറിയിച്ചു.

11. നഗരസഭയ്ക്ക് നഷ്ടമായ 12,765 രൂപ ബന്ധപ്പെട്ട റവന്യൂ ഓഫീസറിൽ നിന്നും ഈടാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

12.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| 23-11-2011-ലെ സഭാ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ഇതിനുത്തരവാദികളിൽ നിന്നും ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതും ഈയിനത്തിൽ 4,054 രൂപ പിടിച്ചെടുത്തിട്ടുള്ളതുമാണ്. | തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെന്ന് പറയുന്ന 4,054 രൂപ പിരിച്ചെടുത്തതിന്റെയോ നഗരസഭയുടെ ഫണ്ടിൽ ഒടുക്കിയതിന്റെയോ, പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളോ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. |

## നിഗമനങ്ങൾ/ശിപാർശകൾ

13. **തൊഴിൽ നികുതി ഈടാക്കുന്ന മാനദണ്ഡപ്രകാരം ഒരു അർദ്ധവർഷത്തിൽ 60 ദിവസം തുടർച്ചയായി ജോലി നോക്കിയിട്ടും തൊഴിൽ**

**നികതി ഈടാക്കാത്തതുമൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം ബന്ധപ്പെട്ട റവന്യൂ ഓഫീസറിൽ നിന്നും ഈടാക്കണമെന്ന നിർദ്ദേശപ്രകാരം 4,054 രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളുവെന്നാണ് സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. എന്നാൽ പ്രസ്തുത തുക ഈടാക്കിയതിന്റെയോ നഗരസഭാ ഫണ്ടിൽ ഒടുക്കിയതിന്റെയോ, ബാക്കിയുള്ള തുക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെയോ വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ നഷ്ടത്തുക മുഴുവൻ ഈടാക്കുവാനും ഈയിനത്തിൽ ഈടാക്കിയ തുകയുടെയും ആയത് ഫണ്ടിൽ ഒടുക്കിയതിന്റെയും അവശേഷിക്കുന്ന തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**1998-99 മുതൽ നാളിതുവരെയുള്ള ജനകീയാസൂത്രണ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല**

വർഷാവർഷം കോടിക്കണക്കിന് രൂപ ചെലവഴിച്ച് നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതികളുടെ 1998-99 മുതൽ നാളിതുവരെയുള്ള ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത്രയും ഗുരുതരമായ കൃത്യവിലോപം 3-1-2003-ലെ No. LF.1949I/MLI/2002 കത്തുപ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സർക്കാർ നിർദ്ദേശാനുസരണം കോർപ്പറേഷൻ സെക്രട്ടറി ഫയൽ ഹാജരാക്കിയതിനാൽ ആയതിന്റെ ഓഡിറ്റ് നടന്നുവരികയും ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹ്യത റിപ്പോർട്ട് വർഷം 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ VII. III. 1(iii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

14. ഓഡിറ്റ് പരാമർശത്തെക്കുറിച്ച് ആരാഞ്ഞതിന് 2002-03-ൽ മുഴുവൻ ഫയലുകളും നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചപ്പോൾ കറന്റായിട്ടുള്ള ഫയലുകളാണ് ഇനി കിട്ടാനുള്ളതെന്നും 116 ഫയലുകൾ ആവശ്യപ്പെട്ടപ്പോൾ പകുതിപോലും ലഭ്യമാക്കിയിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

15. തെളിവെടുപ്പ് യോഗം ചേരുന്നുവെന്ന് അറിഞ്ഞതിന് ശേഷം മാത്രം റിപ്പോർട്ട് ലഭ്യമാക്കുന്നത് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ, ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള

സർക്കാർ നോട്ട് 19-11-2011-ാം തീയതിയാണ് ലഭിച്ചതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഓഡിറ്റിന് ആവശ്യമായ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള സർക്കാർ നോട്ടുകൾ സമിതിക്കും യഥാസമയം ലഭ്യമാക്കണമെന്ന് സമിതി കർശനമായ നിർദ്ദേശം നല്കി.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

16.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| 1998-99 മുതലുള്ള തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയിട്ടുള്ള ജനകീയാസൂത്രണ പദ്ധതി സംബന്ധിക്കുന്ന മുഴുവൻ ഫയലുകളും സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2002-03-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്. | 25-5-2005-ലെ എൽ. എഫ്. സി. എ 8/164/04 നമ്പർ പ്രകാരം 1997-98 മുതൽ (2001-02) വരെയുള്ള ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്. |

**നിഗമനങ്ങൾ/ശിപാർശകൾ**

17. **ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ യഥാസമയം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള സർക്കാർ മറുപടി (ന്യൂനതാ പരിഹാര നടപടി പത്രിക) സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും യഥാസമയം ഹാജരാക്കുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഓഡിറ്റ് വേളയിൽ ലഭ്യമാക്കേണ്ട അവശ്യരേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കണമെന്നും ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള മറുപടി നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽതന്നെ സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും സമർപ്പിക്കണമെന്നും സമിതി നിഷ്കർഷിക്കുന്നു. പരാമർശവിധേയമായ ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയതായും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുമുള്ള ഓഡിറ്റിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നില്ല**

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 294(1) വകുപ്പ് 1997-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 11(1) എന്നിവ പ്രകാരം ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനുള്ളിൽ അതതു വർഷത്തെ കണക്കും ഡി. സി. ബി. പത്രികയും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. എന്നാൽ തിരുവനന്തപുരം നഗരസഭയുടെ 1977-78 മുതൽ 1984-85 വരെയും 1997-98 മുതൽ 2002-03 വരെയുമുള്ള വാർഷിക കണക്കുകൾ നാളിതുവരെയായിട്ടും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. പൊതുവെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്ന കാര്യത്തിൽ തിരുവനന്തപുരം നഗരസഭ വിമുഖത കാണിക്കുന്നതായാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

1994-95 മുതൽ 1999-2000 വരെയുള്ള വാർഷിക കണക്കും ഡി. സി. ബി. പത്രികയും നഗരസഭയിൽ നിന്നും പെൻഷൻ പറ്റിയ ജീവനക്കാരെക്കൊണ്ട് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നു. 1988-89 മുതൽ 1993-94 വരെയുള്ള കണക്കുകൾ ഒരു പ്രൈവറ്റ് സ്ഥാപനം തയ്യാറാക്കി ഏൽപ്പിച്ചതായി പറയുന്നുണ്ടെങ്കിലും ഇവ നാളിതുവരെയായിട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 2001-02 വർഷത്തെയോ തുടർന്നുള്ള വർഷങ്ങളിലെയോ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായും അറിവില്ല.

1998-99 മുതൽ 2001-02 വരെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി നഗരസഭ നടത്തിയ പദ്ധതിച്ചെലവുകളുടെ ഓഡിറ്റിനായി നഗരസഭാ സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണ സംബന്ധമായ രേഖകൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അവ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നൽകിയതും അവർ ചെലവഴിച്ചതുമായ തുകയുടെ വിവരം കാണിക്കുന്ന ക്യാഷ് ബുക്ക്, പാസ് ബുക്ക്, പ്രോജക്ട് ഫയൽ തുടങ്ങിയ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല.

2000-01 വർഷം തനത് ഫണ്ടിൽ നിന്നും വിവിധ മരാമത്തുപണികൾക്കായി നഗരസഭ വിനിയോഗിച്ച തുകയിൽ 43,15,525 രൂപയുടെ ചെലവ് സംബന്ധമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടും അവ ഹാജരാക്കുകയുണ്ടായില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 7. 1. 1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

18. 1995 മുതൽ 1999 വരെ കണക്കുകൾ, വിരമിച്ച ഉദ്യോഗസ്ഥരെക്കൊണ്ട് തയ്യാറാക്കി ആയതിന്റെ റിപ്പോർട്ടുകൾ ഓഡിറ്റിന് നൽകിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് 1988-89 മുതൽ 1993-94 വരെയുള്ള 6 വർഷത്തെ കണക്കുകൾ ഫിലിപ്പ് ആന്റ് മാത്യൂ കമ്പനിയെ ഏൽപ്പിച്ച് മൂന്ന് വർഷത്തെ കണക്കുകൾ മാത്രം തയ്യാറാക്കിയിട്ട് 1991-92 മുതൽ 1993-94 വരെയുള്ള അവശേഷിച്ച മൂന്ന് വർഷത്തെ കണക്കുകൾ കൊടുക്കാതെ ഓഡിറ്റ് ഇളവ് ആവശ്യപ്പെട്ടത് എന്തടിസ്ഥാനത്തിലാണെന്നും പ്രൈവറ്റ് ഏജൻസിയുമായി എഗ്രിമെന്റ് ഉണ്ടെങ്കിൽ നിയമപരമായി സ്വീകരിച്ച നടപടിയെന്തെന്നും സമിതി ആരാഞ്ഞതിന് സമിതി നിർദ്ദേശം നല്കിയാൽ അതനുസരിച്ച് പ്രവർത്തിക്കാമെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

19. ജനകീയാസൂത്രണ ഫണ്ട് വിനിയോഗം സംബന്ധിച്ച പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംവിധാനം വേണമെന്നും മതിയായ സ്റ്റാഫ് ഇല്ലാത്തതിനാൽ ഓഡിറ്റ് സെക്ഷൻ സംവിധാനം വിപുലപ്പെടുത്തുന്നതിന് നേരത്തെതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിരുന്നുവെന്നും അതിനാലാണ് സമിതിക്ക് മുമ്പാകെ വ്യക്തമായി ഉത്തരം നല്കാൻ സാധിക്കാത്തതെന്നും രേഖകൾ ഹാജരാക്കാൻ ഇളവ് ആവശ്യപ്പെടുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

20. പണം ചെലവഴിച്ചിട്ട് രേഖകൾ ഇല്ലെന്നും ഓഡിറ്റ് ഒഴിവാക്കണമെന്നും പറയുന്നത് ശരിയല്ലെന്നും മുൻ ഏജൻസിയെക്കൊണ്ട് മൂന്ന് വർഷത്തെ ജോലി ചെയ്യിപ്പിക്കാമോ എന്ന് സമിതി ആരാഞ്ഞതിന് വർഷങ്ങൾക്കുമുമ്പ് നടന്ന കാര്യമായതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും കമ്പനിയുമായുള്ള എഗ്രിമെന്റിന്റെ സാധുതയുണ്ടോയെന്നും പണം നൽകിയ രേഖകൾ പരിശോധിച്ച് ഉടൻതന്നെ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു സർക്കാരിന്റെ പ്രവർത്തനത്തിന് ഏറ്റവും പ്രധാനപ്പെട്ടത് ഓഡിറ്റ് സത്യസന്ധമായും ശരിയായും നടക്കുക എന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

21. സാമ്പത്തിക വർഷാന്ത്യത്തിന് ശേഷം നാല് മാസത്തിനുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് നല്കാൻ നിലവിൽ സംവിധാനമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നിയമപ്രകാരം അങ്ങനെയാണെന്നും കുടിശ്ശികയുണ്ടായിരുന്നുവെന്നും എസ്. പി. എ. ഒ. മറുപടി നൽകി. കണക്കുകൾ കംപ്ലീറ്റാണെന്നും അതിനായി കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 2007 മുതൽ കമ്പ്യൂട്ടറൈസ് ചെയ്യുമെന്നും കുടിശ്ശിക വന്നത് സംബന്ധിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമെന്നും കുടിശ്ശിക തീർക്കുന്നതിനെപ്പറ്റിയുള്ള സംവിധാനത്തെപ്പറ്റി അടുത്ത മീറ്റിംഗിൽ പറയാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

22.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| നഗരസഭയുടെ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനായി ഫിലിപ്പ് ആന്റ് മാത്യൂ എന്ന സ്ഥാപനവുമായി കരാർ ഒപ്പിട്ടിട്ടില്ലെന്ന് കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.<br>2001-02 മുതൽ നാളിതുവരെയുള്ള ഡി.സി.ബി. കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്. നിലവിൽ വരവ് ചെലവ് കണക്കുകളാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഓഡിറ്റ് ചെയ്തുവരുന്നത്. | തിരുവനന്തപുരം നഗരസഭയുടെ 1990-91 സാമ്പത്തിക വർഷത്തിലെ ഡി.സി.ബി. ഒഴികെ നാളിതുവരെയുള്ള എല്ലാ വാർഷിക കണക്കുകളും ഡി.സി.ബി.കളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. 25-5-2005-ലെ എൽ. എഫ്. സി. എ. 8/164/04-ാം നമ്പർ പ്രകാരം 1997-98 മുതൽ 2001-02 വരെയുള്ള ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.<br>2000-01 വർഷം തനത് ഫണ്ടിൽ നിന്നും വിവിധ മരാമത്ത് പണികൾക്കായി വിനിയോഗിച്ച 43,15,525 രൂപയുടെ ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. |

**നിഗമനങ്ങൾ/ശിപാർശകൾ**

23. **സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധിക്കണമെന്ന വ്യവസ്ഥപ്രകാരം ഓഡിറ്റിന് കണക്കുകൾ ഹാജരാക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി സമിതി വീക്ഷിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം 1997-98 മുതൽ 2001-02 വരെയുള്ള വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതായി**

**കാണുന്നു. എന്നാൽ 2000-01 വർഷത്തിൽ മരാമത്തുപണികൾക്കായി ചെലവഴിച്ച 43,15,525 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയതായി കാണുന്നില്ല. പ്രസ്തുത രേഖകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കാനും അല്ലാത്തപക്ഷം പ്രസ്തുത ചെലവിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കരാറുകാരനിൽ നിന്നും ഈടാക്കിയ ആദായ നികുതി യഥാസമയം കേന്ദ്ര സർക്കാരിലേക്ക് അടയ്ക്കാത്തതുമൂലം പിഴപ്പലിശ ഒടുക്കേണ്ടിവന്നത് സംബന്ധിച്ച്**

നഗരസഭ 1997-98, 1999-2000 വർഷങ്ങളിൽ കരാറുകാരിൽ നിന്നും വിവിധ മരാമത്ത് ബില്ലുകളിലെ ആദായ നികുതിയിനത്തിൽ ഈടാക്കിയ തുക യഥാസമയം കേന്ദ്ര സർക്കാരിലേക്ക് അടയ്ക്കാതിരുന്നതുനിമിത്തം പിഴപ്പലിശയിനത്തിൽ 52,548 രൂപ അടയ്ക്കേണ്ടി വന്നതായി ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തി. കരാറുകാർക്ക് നൽകിയ തുകയിൽ നിന്നും ആദായ നികുതിയിനത്തിൽ ഈടാക്കിയ തുക യഥാസമയം അടയ്ക്കാതിരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥമൂലമാകയാൽ പിഴപ്പലിശയിനത്തിൽ അടയ്ക്കേണ്ടി വന്ന 52,548 രൂപ ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 7.1.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള വർക്കുകളിൽ ആദായ നികുതി അടയ്ക്കുന്നത് സംബന്ധിച്ച് പ്രാരംഭകാലത്ത് ആശയക്കുഴപ്പം ഉണ്ടായിരുന്നതായും വകുപ്പ് നിർബന്ധിച്ചപ്പോൾ അടയ്ക്കേണ്ടിവന്നതായും എസ്. പി. എ. ഒ. സമിതിയെ അറിയിച്ചു. പിഴപ്പലിശയിനത്തിൽ അടയ്ക്കേണ്ടി വന്ന 52,548 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്ന് ഈടാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

25.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| കരാറുകാരിൽ നിന്നും ആദായ നികുതിയിനത്തിൽ ഈടാക്കിയ തുക യഥാസമയം കേന്ദ്ര സർക്കാരിലേക്ക് അടയ്ക്കാത്തതുമൂലം പിഴപ്പലിശയിനത്തിൽ 52,548 രൂപ അടയ്ക്കേണ്ടതായിവന്നു. അതിന് കാരണക്കാരായ താഴെപ്പറയുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് : ഫയൽ നമ്പർ എ 1/29873/83 (വോള്യം 3).<br>1. ശ്രീ. എം. മുഹമ്മദ് നജീബ് (റിട്ട. സെക്രട്ടറി)<br>2. ശ്രീ. കെ. നീലാംബരൻ (റിട്ട. അക്കൗണ്ട്സ് ഓഫീസർ)<br>3. ശ്രീമതി എം. പ്രസന്നകുമാരി (റിട്ട. സൂപ്രണ്ട്)<br>4. ശ്രീ. ജി. പ്രസാദ് (റിട്ട. അക്കൗണ്ട്സ് ഓഫീസർ)<br>5. ശ്രീ. തുളസീധരൻ നായർ (റിട്ട. അക്കൗണ്ട്സ് ഓഫീസർ)<br>6. ശ്രീമതി എമിലി ഡിനോറ (റിട്ട. സൂപ്രണ്ട്)<br>7. ശ്രീ. ജി. ഭുവനചന്ദ്രകുമാർ (റിട്ട. സെക്ഷൻ ക്ലാർക്ക്)<br>8. ശ്രീ. വി. ശ്രീകുമാർ (സൂപ്രണ്ട്, ജനറൽ വിഭാഗം, തിരുവനന്തപുരം നഗരസഭ) | ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കിയതിനുള്ള രേഖകളോ തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിക്കുന്ന വിവരങ്ങളോ രേഖകളോ ഒന്നുംതന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. |

| 1 | 2 |
|---|---|
| 9. ശ്രീ. പി. മുരളീധരൻ<br>(സെക്രട്ടറി,<br>ചേർത്തല മുനിസിപ്പാലിറ്റി)<br>10. ശ്രീ. സുരേന്ദ്രൻ,<br>റവന്യൂ ഇൻസ്പെക്ടർ,<br>ഷൊർണ്ണൂർ നഗരസഭ) | |

**നിഗമനങ്ങൾ/ശിപാർശകൾ**

26. **ആദായ നികുതിയിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക യഥാസമയം കേന്ദ്ര സർക്കാരിലേക്ക് അടയ്ക്കാത്തതുമൂലം പിഴപ്പലിശ ഒടുക്കേണ്ടിവന്ന സാഹചര്യത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല എന്നാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ, നഷ്ടത്തിന് ഉത്തരവാദികളായവരിൽനിന്ന് തുക ഈടാക്കുവാനും അതു സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാനും സ്വീകരിച്ച നടപടി റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**നഗരചരിത്രവും വികസനവും ജനങ്ങളിൽ എത്തിക്കുക—പദ്ധതി തുക പാഴ്ചെലവായതു സംബന്ധിച്ച്**

തിരുവനന്തപുരത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ചരിത്രത്തെക്കുറിച്ചും നഗരസഭയുടെ വികസന പ്രവർത്തനത്തെക്കുറിച്ചും രണ്ട് ഡോക്യുമെന്ററികൾ നിർമ്മിക്കുന്നതിന് സഹായ സഹകരണങ്ങൾ നൽകണമെന്നുള്ള തൈയ്ക്കാട് ആസ്ഥാനമായ 'വിഷ്വൽ മീഡിയ സഹകരണ സംഘം' എന്ന സ്ഥാപനത്തിന്റെ അഭ്യർത്ഥനയെ തുടർന്ന് 2000-01 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 'നഗരചരിത്രവും വികസനവും ജനങ്ങളിലെത്തിക്കുക' എന്ന പേരിൽ 13,00,000 രൂപ അടങ്കലുള്ള ഒരു പ്രോജക്ട് ആവിഷ്കരിക്കുകയും പ്രോജക്ട് നിർവ്വഹണാർത്ഥം 4,74,353 രൂപടി സൊസൈറ്റിക്ക് നൽകുകയുമുണ്ടായി. ഒന്നാംഘട്ടമായി 'വികസനത്തിന്റെ ജനകീയ മാതൃക' എന്ന പേരിൽ ഒരു ഡോക്യുമെന്ററി ഫിലിം തയ്യാറാക്കിയതിന്റെ കാസറ്റ് സെക്രട്ടറിയെ ഏൽപ്പിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തുടർന്ന് രണ്ടാംഘട്ടമായ 'നഗര ചരിത്രം ജനങ്ങളിൽ എത്തിക്കൽ' എന്ന ടെലിഫിലിം നിർമ്മിക്കുന്നതിന് മോണിട്ടറിംഗ് സമിതി അനുമതി നൽകിയശേഷം 12-6-2003-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് ടി സൊസൈറ്റി ഹാജരാക്കിയ രേഖകൾ പരിശോധിച്ചതായും പദ്ധതിയെപ്പറ്റി ആക്ഷേപമുള്ളതിനാൽ ഉപേക്ഷിച്ചതായും കാണുന്നു. നഗരസഭയുടെ ഉന്നമനത്തിനോ നഗരസഭയുടെ പ്രവർത്തനം ജനങ്ങളിലെത്തിക്കുവാനോ 4,74,353 രൂപ ചെലവഴിച്ച ഈ പദ്ധതികൊണ്ട് പ്രയോജനപ്പെട്ടില്ല എന്നതിനാൽ ഫലത്തിൽ ഇതൊരു പാഴ്ചെലവായി തീരുകയാണുണ്ടായത്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 7.1.3.)

27. "നഗരചരിത്രവും വികസനവും ജനങ്ങളിൽ എത്തിക്കുക" എന്ന പദ്ധതി നടപ്പാക്കിയതിൽ ഉണ്ടായ പാഴ്ചെലവും നഷ്ടവും ആരിൽ നിന്നും ഈടാക്കുമെന്നും 'വിഷ്വൽ മീഡിയ സഹകരണ സംഘം' ഏറ്റെടുത്ത പദ്ധതിയെ സംബന്ധിച്ച് ഉണ്ടായ ആക്ഷേപമെന്തെന്നും അതിന്മേൽ സ്വീകരിച്ച നടപടിയെന്തെന്നും സമിതി ആരാഞ്ഞതിന് പരിശോധിച്ച് അടുത്ത കമ്മിറ്റിയിൽ മറുപടി പറയാമെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. നഗരസഭാ സെക്രട്ടറിയുടെ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഓഡിറ്റ് തടസ്സം ഉണ്ടായി കാലമിത്രയായിട്ടും സമിതി മുമ്പാകെ ഹാജരായി ശരിയായ മറുപടി നൽകാത്തത് അനുചിതമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പൂർത്തിയാക്കാത്ത പദ്ധതിക്ക് നൽകിയ 4,74,353 രൂപ വാങ്ങിയത് തിരിച്ചുപിടിക്കണമെന്നും പദ്ധതിയെക്കുറിച്ചുള്ള ആക്ഷേപമെന്തെന്ന് വ്യക്തമായ മറുപടി നൽകണമെന്നും ഡോക്യുമെന്ററിയുടെ കാസറ്റ് സമിതി മുമ്പാകെ ഹാജരാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. അടുത്ത കമ്മിറ്റിയിൽ മറുപടി ലഭ്യമാക്കാമെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

28.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട്ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ട് |
|---|---|
| 2000-01 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നഗരസഭ നടപ്പാക്കിയ "നഗരസഭാ ചരിത്രവും വികസനവും ജനങ്ങളിൽ എത്തിക്കുക" എന്ന പ്രോജക്റ്റിന് നഗരസഭാ കൗൺസിലിന്റെയും ജില്ലാ ആസൂത്രണ സമിതിയുടെയും അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കുട്ടികളുടെ സിനിമാ നിർമ്മാണത്തിനും നഗരസഭയുടെ വികസന | നഗരസഭയുടെ ഉന്നമനത്തിനോ നഗരസഭയുടെ പ്രവർത്തനം ജനങ്ങളിലെത്തിക്കുവാനോ 4,74,353 രൂപ ചെലവഴിച്ച ഈ പദ്ധതികൊണ്ട് പ്രയോജനപ്പെട്ടില്ല എന്നതിനാൽ ഫലത്തിൽ ഇതൊരു പാഴ്ചെലവായി തീരുകയാണുണ്ടായത്. അതു മാത്രവുമല്ല പദ്ധതി പകുതിവഴിക്ക് ഉപേക്ഷിക്കുകകൂടി |

| | |
|---|---|
| പ്രവർത്തനത്തെക്കുറിച്ചും തിരുവനന്തപുരത്തിന്റെ സാംസ്കാരിക-രാഷ്ട്രീയ ചരിത്രത്തെക്കുറിച്ചുമുള്ള രണ്ട് ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് 13,00,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കി തൈക്കാട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന വിഷ്വൽ മീഡിയ സഹകരണ സംഘം എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയുണ്ടായി. ടി സ്ഥാപനം ഒന്നാം ഘട്ടമായി നഗരസഭയുടെ വികസനത്തെ സംബന്ധിച്ച്, 'വികസനത്തിന്റെ ജനകീയ മാതൃക' എന്ന ഒരു ഡോക്യുമെന്ററി ഫിലിം നിർമ്മിക്കുകയും ടി ഫിലിം നിർമ്മാണത്തിന് ചെലവായ തുകയിനത്തിൽ 4,74,353 രൂപ കൈപ്പറ്റുകയുമുണ്ടായി.<br><br>ഈ വിഷയം സംബന്ധിച്ച് ഈ നഗരസഭയിൽ 2000 മുതൽ 2005 വരെ മേയറായിരുന്ന (ഇപ്പോൾ കൗൺസിലറാണ്) പ്രൊഫ. ചന്ദ്രയുമായി സംസാരിച്ചു.<br><br>വിഷ്വൽ മീഡിയ സഹകരണ സംഘം നിർമ്മിച്ച 'വികസനത്തിന്റെ ജനകീയ മാതൃക' എന്ന കാസറ്റ് കാണുകയും ടി കാസറ്റിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം നഗരസഭ വിതരണം ചെയ്ത നിരവധി വ്യക്തിഗത ആനുകൂല്യങ്ങളുടെയും നഗരസഭ നിർമ്മിച്ച കെട്ടിടങ്ങളുടെയും ഉദ്ഘാടനം സംബന്ധിച്ച കാര്യങ്ങളാണ് കാസറ്റിലുള്ളതെന്നും ഇത് ജനങ്ങളുടെ മുന്നിൽ പ്രദർശിപ്പിക്കാതെ നഗരസഭാ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ വികസനം സംബന്ധിച്ചുള്ള ഫിലിം ജനങ്ങളിൽ എത്തിക്കാൻ കഴിയാതെവന്നു. അതിനാൽ തുടർന്ന് രണ്ടാംഘട്ടം പ്രവർത്തനം നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതാണെന്നും മുൻ മേയർ അറിയിക്കുകയുണ്ടായി. | ചെയ്ത സാഹചര്യത്തിൽ 4,74,353 രൂപ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിരിക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അധികം നൽകിയ തുക ഈടാക്കാനാണ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളത്. |

| |
|---|
| നഗരസഭയിലെ ഉദ്യോഗസ്ഥർ നെയ്യാട് പോയി നേരിട്ട് അന്വേഷിച്ചതിൽ വിഷ്വൽ മീഡിയ സഹകരണ സംഘം എന്ന സ്ഥാപനം പൂട്ടിപോയിട്ടുള്ളതും 2003-ന് ശേഷം ടി സ്ഥാപനം പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ ഇപ്പോൾ കമ്പ്യൂട്ടർ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. |

**നിഗമനങ്ങൾ/ശിപാർശകൾ**

29. **2000-2001-ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നഗരസഭ നടപ്പാക്കിയ 'വികസനത്തിന്റെ ജനകീയ മാതൃക' എന്ന പദ്ധതി സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിന്മേൽ സമിതി തെളിവെടുക്കുന്ന 23-11-2011-ന് പോലും യാതൊരു മറുപടിയും പറയുവാൻ നഗരസഭാ സെക്രട്ടറിക്ക് കഴിയാതെപോയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയോഗം പരിഗണിച്ച പ്രസ്തുത വിഷയത്തിന്മേൽ അടുത്ത യോഗത്തിൽ മറുപടി പറയാമെന്ന് ഉറപ്പ് നൽകിയിട്ട്, സമിതിയുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും നിരന്തരമുള്ള ഓർമ്മപ്പെടുത്തലിന് ശേഷവും 28-10-2013-ാം തീയതി മാത്രമാണ് ഇത് സംബന്ധിച്ച് മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിച്ചത്. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വീക്ഷിക്കുന്നതോടൊപ്പം സമിതി മുമ്പാകെ നല്കുന്ന ഉറപ്പുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ കർശനമായ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.**

30. **ലോക്കൽ ഫണ്ട് ഓഡിറ്റ് മുഖേന സർക്കാർ സമർപ്പിച്ച മറുപടിയിൽ നിന്നും പരാമർശവിധേയമായ സംഗതിയിൽ 4,74,353 രൂപ പാഴ്ചെലവായി എന്ന ഓഡിറ്റിന്റെ നിരീക്ഷണം ദൃഢപ്പെടുന്നതായാണ് കാണുന്നത്. പാഴ്ചെലവായ തുക ഉത്തരവാദികളായവരിൽനിന്ന് ഈടാക്കണമെന്നും പദ്ധതിക്കെതിരായ ആക്ഷേപമെന്തെന്നും ഡോക്യുമെന്ററിയുടെ കാസറ്റ് ഹാജരാക്കണമെന്നുമുള്ള സമിതിയുടെ ആവശ്യങ്ങളിന്മേൽ അധികവിവര റിപ്പോർട്ട് മൗനം പാലിക്കുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിന്റെ ചുമതല വഹിച്ച സ്ഥാപനം പൂട്ടിപ്പോയെന്നും ഡോക്യുമെന്ററി ചിത്രീകരിച്ച കാസറ്റ് പ്രദർശിപ്പിക്കാതെ നഗരസഭാ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ വികസനം സംബന്ധിച്ച വിവരം ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞില്ലെന്നുമുള്ള**

**മറുപടി സംശയാസ്പദമാണ്. പൊതുഖജനാവിൽ നിന്നും ഗണ്യമായൊരു തുക ചെലവഴിച്ച് ചിത്രീകരിച്ച ഡോക്യുമെന്ററി, കാസറ്റ് രൂപത്തിലായിട്ടും അത് പ്രദർശിപ്പിച്ചില്ല എന്നത് വിശ്വസനീയമല്ല. മറിച്ച് പദ്ധതി വിഭാവനം ചെയ്യുള പ്രകാരം ഡോക്യുമെന്ററി തയ്യാറാക്കിയില്ല എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. കൂടാതെ ചിത്രീകരണ ചുമതല ഏല്പിച്ച സ്ഥാപനത്തെ സംബന്ധിച്ചും സംശയാസ്പദമായ സാഹചര്യമാണ് പ്രകടമാകുന്നത്. ഈ സാഹചര്യത്തിൽ, ഇത് സംബന്ധിച്ച് സർക്കാർ സമഗ്രമായൊരു അന്വേഷണം നടത്തി നിജസ്ഥിതി വെളിച്ചത്തിൽ കൊണ്ടുവരുവാനും നഷ്ടതുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സർക്കാർ മറുപടിയിൽ പരാമർശിക്കും പ്രകാരം കാസറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഒരു പകർപ്പ് സമിതിക്ക് സമർപ്പിക്കുവാനും ഡോക്യുമെന്ററിയുടെ നിർമ്മാണ ചുമതല ഏല്പിച്ച സ്ഥാപനം, നൽകിയ തുക, തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്നിവ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**സാംസ്കാരിക നിലയം നിർമ്മാണത്തിൽ അപാകതകൾ**
**(1998-2002 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 16)**

നഗരസഭയുടെ കളിപ്പാൻകുളം വാർഡിലെ സമദർശിനി വായനശാലയോട് ചേർന്നുള്ള സാംസ്കാരികനിലയ നിർമ്മാണത്തിന്റെ പണി 20-5-1998-ൽ ആരംഭിച്ചുവെങ്കിലും നാളിതുവരെയും പൂർത്തിയായില്ല. ഗുണഭോക്തൃ സമിതിയുമായുള്ള കരാറിൽ പണി എത്രനാൾ കൊണ്ട് പൂർത്തിയാക്കണമെന്ന് പ്രതിപാദിച്ചിട്ടില്ല. പ്രത്യേക കരാറൊന്നുമില്ലാതെ 50,000 രൂപ സമാഹരണ മുൻകൂർ നൽകിയത് ക്രമവിരുദ്ധമാണ്. പണിക്ക് 30-3-2000 വരെ ആറ് ഭാഗിക ബില്ലുകളിലായി 16,11,145 രൂപയ്ക്ക് മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട അളവ് പുസ്തകത്തിന്റെ അഭാവത്തിൽ ശരിയായ രീതിയിലാണോ മൂല്യനിർണ്ണയം നടത്തിയിരിക്കുന്നതെന്ന് വ്യക്തമല്ല. മൂല്യനിർണ്ണയ തുകയിൽ നിന്നും 35,000 രൂപ സമാഹരണ മുൻകൂർ ഇനത്തിലും 17,778 രൂപ നികുതികളായും ഈടാക്കിയതിനുശേഷമുള്ള ബാക്കി തുകയായ 15,58,367 രൂപയാണ് നൽകിയത്. നിർമ്മാണ സമിതി ഹാജരാക്കിയ സമ്മതപത്രത്തിൽ മൂല്യനിർണ്ണയ തുകയുടെ 50 ശതമാനം മാത്രം നൽകിയാൽ മതിയെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇതിന് വിരുദ്ധമായി അധികം നൽകിയ 8,05,573 രൂപയും സമാഹരണ മുൻകൂർ നൽകിയ 50,000 രൂപയും നഗരസഭാനിധിയിലേക്ക് ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 4.I.1.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. കരാർ തുകയുടെ 50 ശതമാനം നൽകുന്നതിന് പകരം മൂല്യനിർണ്ണയത്തുകയായ 16,11,145 രൂപ നൽകുകയും, മൊബിലൈസേഷൻ അഡ്വാൻസായി 50,000 രൂപയും നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് സമിതി ആരാഞ്ഞതിന് കരാറുകാരൻ ചെയ്ത വർക്ക് 16,11,145 രൂപയുടേതാണെന്നും ആറ് പാർട്ട് ബില്ലുകളായാണ് തുക കൊടുക്കുന്നതെന്നും, ആദ്യഘട്ടത്തിൽ കൊടുത്ത മൊബിലൈസേഷൻ അഡ്വാൻസിൽ നിന്നും 35,000 രൂപ തിരിച്ച് പിടിച്ചുവെന്നും 17,778 രൂപ നികുതി ഇനത്തിലും തിരിച്ച് പിടിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃ സമിതി ചെയ്യാമെന്നേറ്റ 50% ജോലി അവർ ചെയ്തിട്ടില്ലെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

32. 2002-ലെ ഓഡിറ്റ് തടസ്സത്തിൽ 9 കൊല്ലം കഴിഞ്ഞിട്ടും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് സമിതി ചൂണ്ടിക്കാട്ടി. വർഷങ്ങൾക്ക് മുമ്പ് നടന്ന പ്രവൃത്തികളെ സംബന്ധിച്ച് ലഭ്യമാക്കിയ സർക്കാർ നോട്ടിൽ വ്യക്തതയില്ലായെന്നും പ്രസ്തുത പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തുകയുടെ പകുതി നൽകിയാൽ മതിയെന്ന് വ്യവസ്ഥയുണ്ടായിരിക്കെ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി നൽകിയ 8,05,573 രൂപയും സമാഹരണ മുൻകൂറായി നൽകിയ 50,000 രൂപയും നഗരസഭാ ഫണ്ടിലേക്ക് ഈടാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച ചോദ്യത്തിന് ആയത് പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്നും സാംസ്കാരികനിലയം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും നഗരസഭാ എഞ്ചിനീയർ സമിതിയെ അറിയിച്ചു.

33. പരിശോധനാ വിധേയമായ നിർമ്മാണ പ്രവൃത്തിയുടെ ചെലവ് വഹിക്കേണ്ടത് നഗരസഭയും ഗുണഭോക്തൃ സമിതിയും സംയുക്തമായിട്ടായിരുന്നുവെന്നും എന്നാൽ മുഴുവൻ തുകയും നഗരസഭ നൽകിയിട്ടുള്ളതായും സമിതി കണ്ടെത്തി. ബെനിഫിഷ്യറി തുക ലഭിച്ചിട്ടുണ്ടോയെന്നും നഗരസഭ തുക നൽകിയത് മെഷർമെന്റ് എടുത്തതിന് ശേഷമാണോയെന്നുമുള്ള ചോദ്യത്തിന് വ്യക്തമായ ഉത്തരം ലഭിച്ചില്ല. ആയതിനാൽ ബെനിഫിഷ്യറി കമ്പോണന്റിൽ വന്നിട്ടുള്ള തുക വരവ് വച്ചിട്ടുണ്ടോയെന്നും വ്യക്തമായി മെഷർ ചെയ്തിട്ടാണോ തുക നൽകിയതെന്നും, സമാഹരണ തുക മുൻകൂർ നൽകിയത് രേഖാമൂലമാണോ, കരാറിന്റെ അടിസ്ഥാനത്തിലാണോ നൽകിയത്, ബെനിഫിഷ്യറി കമ്പോണന്റ് മുൻകൂറായി നൽകാൻ ഇടവന്നത് എന്നിവയെ സംബന്ധിച്ചുള്ള യഥാർത്ഥ രേഖകൾ പരിശോധിച്ച് വ്യക്തമായി മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

34.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| നഗരസഭയിലെ കളിപ്പാൻകുളം വാർഡിലെ സമദർശിനി വായനശാലയോട് ചേർന്നുള്ള സാംസ്കാരികനിലയ നിർമ്മാണത്തിന്റെ പണി സ്ഥലപരിശോധനയിൽ 6 വർഷങ്ങൾക്ക് മുമ്പ് പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടെന്ന് നിലവിലെ കോർപ്പറേഷൻ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. | വർക്ക് ചെയ്തത് ഗുണഭോക്തൃ നിർമ്മാണ സമിതിയാണ്. വർക്ക് ചെയ്ത നിർമ്മാണ സമിതി നഗരസഭയുമായി ഏർപ്പെട്ട കരാർ പ്രകാരം മൂല്യനിർണ്ണയ തുകയുടെ 50% ആയ 8,05,578 രൂപയ്ക്ക് മാത്രമേ സമിതിക്ക് അർഹതയുള്ളൂ. ഇതിനു വിരുദ്ധമായി 16,11,145 രൂപയും സമാഹരണ മുൻകൂറായി 50,000 രൂപയും സമിതിക്ക് നൽകിയിട്ടുണ്ട്. ഇതിൽ അധികം നൽകിയ 8,05,573 രൂപയും സമാഹരണ മുൻകൂറായ 50,000 രൂപയും നഗരസഭ ഫണ്ടിലേക്ക് നാളിതുവരെയും ഒടുക്കിയിട്ടില്ല. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. |

## നിഗമനങ്ങൾ/ശിപാർശകൾ

**35. സാംസ്കാരികനിലയ നിർമ്മാണത്തിന് നിർമ്മാണ സമിതിയുമായി ഏർപ്പെട്ട കരാർ തുകയേക്കാൾ 8,05,573 രൂപ അധികവും 50,000 രൂപ മുൻകൂറും നൽകിയതായി സമിതി മനസ്സിലാക്കുന്നു. കരാർ പ്രകാരം നൽകുവാനുള്ള ഗുണഭോക്തൃവിഹിതം (8,05,567 രൂപ) ലഭിച്ചിട്ടുണ്ടോ, തുക നൽകിയത് മൂല്യനിർണ്ണയം നടത്തിയിട്ടാണോ, സമാഹരണ മുൻകൂർ നൽകിയത് രേഖാമൂലവും കരാറിന്റെ അടിസ്ഥാനത്തിലുമാണോ എന്നിവ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സാംസ്കാരികനിലയ നിർമ്മാണം 6 വർഷങ്ങൾ കൊണ്ട് പൂർത്തിയായി പ്രവർത്തനസജ്ജമായിട്ടുണ്ടെന്ന് മാത്രമേ സർക്കാർ രേഖാമൂലം നൽകിയ മറുപടിയിൽ പരാമർശിച്ചിട്ടുള്ളൂ. ഓഡിറ്റ് ഉന്നയിച്ചിട്ടുള്ളതോ സമിതി ആവശ്യപ്പെട്ടിട്ടുള്ളതോ ആയ സംഗതി സംബന്ധിച്ച് പ്രസ്തുത മറുപടിയിൽ യാതൊന്നും പ്രതിപാദിക്കുന്നില്ല. നഗരസഭയുടെയും**

**സർക്കാരിന്റെയും ഈ സമീപനം യഥാർത്ഥത്തിൽ മറുപടി നൽകേണ്ട വിഷയത്തിൽ നിന്നുള്ള ബോധപൂർവ്വമായ ഒഴിഞ്ഞുമാറലാണ്. പദ്ധതി അടങ്കലിന്റെ 50% തുക മാത്രം നൽകിയാൽ മതിയെന്നിരിക്കെ, എല്ലാ മാനദണ്ഡങ്ങളും ചട്ടങ്ങളും മറികടന്ന് മുഴുവൻ തുകയും നൽകിയ ഉദ്യോഗസ്ഥരുടെ നടപടി തികച്ചും നിരുത്തരവാദപരമാണ്. ഈ സാഹചര്യത്തിൽ കരാർ പ്രകാരം നൽകേണ്ട തുകയിൽ നിന്ന് അധികരിച്ച് നൽകിയ തുക (ഗുണഭോക്തൃ വിഹിതവും മുൻകൂറും) ബന്ധപ്പെട്ട നിർമ്മാണ സമിതിയിൽ നിന്ന് അടിയന്തരമായി ഈടാക്കുവാനും അതിന് സാധിക്കാത്തപക്ഷം അധികതുക നൽകാനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ ബാധ്യത നിശ്ചയിച്ച് ഈടാക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സാംസ്കാരിക മേഖലാ പദ്ധതികൾ മുൻകൂർ കൈപ്പറ്റിയിട്ട് ഉപേക്ഷിച്ചു (1997-2002 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 17-20)**

സാംസ്കാരിക മേഖലയിൽ കളിസ്ഥലങ്ങളും നീന്തൽക്കുളങ്ങളും കായിക പരിശീലനത്തിന് ഉപയോഗിക്കൽ, ഗ്രന്ഥശാലാ കെട്ടിട നിർമ്മാണം എന്നീ പദ്ധതികളിലൂടെ നഗരസഭ 1,25,125 രൂപ നഷ്ടപ്പെടുത്തി.

പൂജപ്പുര ഡിവിഷനിലെ ചെക്കിടപ്പാട്ടുകുളം ചുറ്റമതിൽ കെട്ടി, ജലം ശുദ്ധീകരിക്കുന്നതിന് 81,375 രൂപ കൺവീനർക്ക് നല്കിയെങ്കിലും പദ്ധതി നടത്തിയതായി കാണുന്നില്ല.

ബീമാപള്ളി ഡിവിഷനിലെ ബി.ജെ.എം. ഫുട്ബാൾ ഗ്രൗണ്ടിന് ചുറ്റമതിൽ നിർമ്മിക്കുന്നതിന് 18,750 രൂപ കൺവീനർക്ക് നൽകിയെങ്കിലും യാതൊരു നിർമ്മാണ പ്രവർത്തനവും നാളിതുവരെ നടത്തിയിട്ടില്ല.

വഴുതക്കാട് ഡിവിഷനിലെ സി.എസ്.എം. ഗ്രന്ഥശാലാ കെട്ടിട നിർമ്മാണത്തിനായി 29-3-1999-ന് 12,500 രൂപ സമാഹരണ മുൻകൂറായി കൺവീനർക്ക് നൽകിയെങ്കിലും പണിയൊന്നും നടത്തിയിട്ടില്ല.

ബീമാപള്ളി ഡിവിഷനിലെ സാംസ്കാരിക നിലയ നിർമ്മാണത്തിനായി രൂപം നൽകിയ സമിതി കൺവീനർക്ക് നഗരസഭയുമായി യാതൊരു കരാറുമില്ലാതെ 12,500 രൂപ നൽകിയെങ്കിലും യാതൊരു നിർമ്മാണ പ്രവൃത്തിയും നടത്തിയതായി രേഖയില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 4.I.1.2.)

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36. ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും നഷ്ടപ്പെട്ടിട്ടുള്ളതിനാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുവാനേ കഴിയുള്ളൂവെന്ന് നഗരസഭാ എഞ്ചിനീയർ സമിതിയെ അറിയിച്ചപ്പോൾ ഉദ്യോഗസ്ഥർക്കുകൂടി പങ്കാളിത്തമുള്ളതു കൊണ്ടാണ് 7 വർഷമായിട്ടും ഒരു നടപടിയും സ്വീകരിക്കാത്തതെന്ന് സമിതി ചൂണ്ടിക്കാട്ടി.

37. ബീമാപ്പള്ളി ഡിവിഷനിലെ ബി.ജെ.എം. ഫുട്ബോൾ ഗ്രൗണ്ട് ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് നഗരസഭാ എഞ്ചിനീയർ സമിതിയെ അറിയിച്ചു.

38. പദ്ധതി പ്രവർത്തനങ്ങൾക്ക് യാതൊരുവിധ രേഖകളുമില്ലാതെ പണം നൽകുന്നതും, നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന്റെ രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതും തദ്ദേശസ്വയംഭരണ വകുപ്പ് ഗൗരവമായി എടുക്കണമെന്നും ഗവൺമെന്റ് തുക ചെലവഴിച്ചതിന്റെ രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

39.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| സാംസ്കാരിക മേഖലയിൽ കളിസ്ഥലങ്ങൾ, നീന്തൽക്കുളങ്ങൾ, കായിക പരിശീലന കേന്ദ്രങ്ങൾ, ഗ്രന്ഥശാലാ കെട്ടിട നിർമ്മാണം എന്നീ നിർമ്മാണ പദ്ധതികൾ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് 1998 മുതൽ 2001-02 വരെ നടപ്പിലാക്കുകയുണ്ടായി. ഈ വിഷയവുമായി ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ലായെന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ ടി സ്ഥലങ്ങൾ നേരിൽ | ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് സാംസ്കാരിക മേഖലയിൽ കളിസ്ഥലങ്ങളും നീന്തൽകുളങ്ങളും പരിശീലനത്തിന് ഉപയോഗിക്കൽ, ഗ്രന്ഥശാലാ കെട്ടിട നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി കൺവീനർമാർ മുൻകൂർ പണം വാങ്ങുകയും പണിയൊന്നും നടത്താതെ പദ്ധതി ഉപേക്ഷിച്ച് പോകുകയുമാണുണ്ടായത്. ജനകീയ സമിതി കൺവീനറുമായി എഗ്രിമെന്റ് വച്ചതായി കാണുന്നില്ല. |

| 1 | 2 |
|---|---|
| പരിശോധിക്കുകയും ചെയ്തു. അതിൽ ബീമാപള്ളി ഡിവിഷനിൽ ബി.ജെ.എം. ഫുട്ബോൾ ഗ്രൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മറ്റുള്ള പ്രവർത്തികൾ നടത്തുന്നതിനായി രൂപീകരിച്ച ഗുണഭോക്തൃ സമിതി ചെയർമാൻമാരുടെയും, കൺവീനർ മാരുടെയും പേരിൽ നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് അടക്കമുള്ള തുക തിരിച്ച് നഗരസഭ ഫണ്ടിൽ അടയ്ക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ചവരുത്തുന്നപക്ഷം റവന്യൂ റിക്കവറി വഴി ഈടാക്കുന്നതാണ്. | ആയതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 1,25,125 രൂപ പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു.<br><br>ബീമാപ്പള്ളി ബി.ജെ.എം. ഫുട്ബോൾ ഗ്രൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് 25-3-1999-ൽ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവൃത്തി നടത്താതിരുന്നതിനാൽ 12% പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന് കാണിച്ച് 15-5-2003-ൽ കൺവീനർക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് എന്ന് നഗരസഭ പറയുന്ന ബീമാപള്ളി ബി.ജെ.എം. ഫുട്ബോൾ ഗ്രൗണ്ടിന്റെ ചുറ്റുമതിൽ, എന്ന്, ഏത് ഫണ്ട് ഉപയോഗിച്ച്, ആര് പൂർത്തീകരിച്ചു എന്നിവ വ്യക്തമല്ല. ആയതിന്റെ നിർമ്മാണത്തെ സംബന്ധിക്കുന്ന ഫയലുകളും രേഖകളും ലഭ്യമാക്കാൻ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ ലഭ്യമാക്കിയിട്ടില്ല. |

**നിഗമനങ്ങൾ/ശിപാർശകൾ**

40. **ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൺവീനർമാർ മുൻകൂർ തുക കൈപ്പറ്റിയശേഷം പദ്ധതികൾ ഉപേക്ഷിച്ചു എന്നത് ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്തിലുള്ള ആസൂത്രണത്തിലെ തന്നെ പിഴവായി സമിതി കാണുന്നു. ആയതിനാൽ, മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 1,25,125 രൂപ വീഴ്ചയ്ക്കുത്തരവാദികളായവരിൽ നിന്ന് ഈടാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത തുകയിൽ, ബീമാപ്പള്ളി ബി.ജെ.എം. ഫുട്ബോൾ ഗ്രൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാനും നഗരസഭ അവകാശപ്പെടുന്നതുപോലെ മതിലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയിനത്തിലുള്ള തുക ഓഡിറ്റ് തടസ്സത്തിൽ നിന്നും മേൽ പറഞ്ഞ ബാധ്യതാതുകയിൽ നിന്നും ഒഴിവാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽയൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല; സി.ഡി.എസ്. ലക്ഷ്യങ്ങൾ പാളുന്നു**

ദാരിദ്ര്യനിർമ്മാർജ്ജനം, സ്ത്രീശാക്തീകരണം എന്നിവ ലക്ഷ്യമിട്ട് സി.ഡി.എസ്. ധനസഹായത്തിൽ തുടങ്ങുന്ന തൊഴിൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് തെളിവില്ല. യൂണിറ്റുകളുടെ മറവിൽ ലക്ഷങ്ങളാണ് അന്യാധീനപ്പെടുന്നത്.

എ.ഡി.എസ്സുകളും ഡി.ഡബ്ല്യൂ.സി.യു.എ. യൂണിറ്റുകളും തുടങ്ങുന്ന മൈക്രോ സംരംഭങ്ങൾക്ക് സി.ഡി.എസ്. വായ്പയായാണ് സഹായം നൽകുന്നത്. വായ്പ കൈപ്പറ്റുന്നതോടെ യൂണിറ്റുകൾ അടച്ചു പൂട്ടുന്നതായി കാണുന്നു. വായ്പകൾ കൃത്യമായി തിരിച്ച് ഈടാക്കാറില്ല. തൊഴിൽ യൂണിറ്റുകൾക്ക് ബാങ്ക് വായ്പ ലഭിച്ചാലുടൻ സി.ഡി.എസ്. വായ്പ പലിശ സഹിതം തിരിച്ചടയ്ക്കണമെന്നാണ് വ്യവസ്ഥ. ഇതും പാലിച്ച് കാണുന്നില്ല. കരാർ പ്രകാരമുള്ള പലിശയും ഈടാക്കാറില്ല.

(1) നഗരസഭാ സി.ഡി.എസ്. 2001-02-ൽ എ.ഡി.എസ്സുകൾക്ക് തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിന് 5,75,000 രൂപ വായ്പ നൽകിയതായി കാണുന്നു. ഇതിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച് യാതൊരു രേഖകളും ഇല്ല. മാത്രമല്ല യൂണിറ്റുകൾ വായ്പ തിരിച്ചടച്ചപ്പോൾ കരാർ പ്രകാരം ചുമത്തേണ്ട പലിശ ഈടാക്കിയില്ല. ഈ ഇനത്തിൽ 68,686 രൂപ ഈടാക്കാനുണ്ട്.

(2) സി.ഡി.എസ്. ഗവേണിംഗ് ബോഡി തീരുമാന പ്രകാരം ധാരാമീറ്റർ റിപ്പയറിംഗ് യൂണിറ്റിന് 2001-02-ൽ 1.5 ലക്ഷം വായ്പ നൽകി. ബാങ്ക് വായ്പ ലഭിക്കുമ്പോൾ 13% പലിശ സഹിതം തിരിച്ചടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ. യൂണിറ്റിന് ബാങ്ക് വായ്പ ലഭിച്ചതിന് ഫയലിൽ രേഖയുണ്ട്. വായ്പ തിരിച്ചടച്ചതിന് തെളിവില്ല.

(3) പൂത്തുറ എ.ഡി.എസ്സിന്റെ 'ഫ്രണ്ട് മിൽക്ക് പ്രോഡക്ട്സ് ' എന്ന ഡി.ഡബ്ല്യൂ.സി.യു.എ. യൂണിറ്റിന് 75,000 രൂപ 2001-02-ൽ വായ്പ നൽകിയിരുന്നു. യൂണിറ്റിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ വീഴ്ച കണ്ടതിനെ തുടർന്ന് വായ്പ 13% പലിശ സഹിതം 15 ദിവസത്തിനകം തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് 2-8-2002-ൽ നോട്ടീസ് നൽകിയതായി കാണുന്നു.

വായ്പയും പലിശയും തിരിച്ച് ഈടാക്കിയതിന് തെളിവില്ല. ധനസഹായം കൈപ്പറ്റി യൂണിറ്റുകൾ അവസാനിക്കുന്നത് സി.ഡി.എസ്സിന്റെ ഉദ്ദേശലക്ഷ്യങ്ങൾ തന്നെ തകർക്കുന്നതാണ്. ജാഗ്രതാ നടപടികൾക്ക് സർക്കാർ ശ്രദ്ധ ക്ഷണിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.1.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. വായ്പ തിരിച്ചടച്ചതുമായി ബന്ധപ്പെട്ട രേഖകൾ ആഡിറ്റിന് ഹാജരാക്കിയിരുന്നുവെങ്കിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ റിപ്പോർട്ട് നൽകുന്നതിന് കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ആർ.ആർ. നടപടിക്ക് കളക്ടർക്ക് 1-7-2009-ൽ കത്ത് നൽകിയെന്നും തുടർനടപടിയെപ്പറ്റി അന്വേഷിച്ചിട്ടില്ലായെന്നും നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു. റവന്യൂ റിക്കവറിക്ക് ജില്ലാ കളക്ടർക്ക് കത്ത് നൽകിയതിനുശേഷം യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ലെന്നും ആയത് വളരെ ഗൗരവമുള്ള വിഷയമാണെന്ന് സമിതി വിലയിരുത്തുകയും ചെയ്തു.

സി.ഡി.എസുകളെക്കൊണ്ട് പലിശ അടപ്പിക്കുകയും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

42.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| (1) 2001-02 വർഷത്തിൽ എ.ഡി.എസ്.കൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനായി 8 യൂണിറ്റുകൾക്ക് വായ്പ നൽകിയ യൂണിറ്റുകളിൽ 7 യൂണിറ്റുകൾ വായ്പ തുക തിരികെ ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി യൂണിറ്റുകൾ വായ്പ തുകയുടെ പലിശ ഒടുക്കാത്ത സാഹചര്യത്തിൽ ഓരോ യൂണിറ്റിനും പലിശ തിട്ടപ്പെടുത്തുകയും അടിയന്തരമായി ഒടുക്കുന്നതിനായി 29-11-2011-ൽ രജിസ്റ്റേർഡ് കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. തുക യഥാസമയം ഒടുക്കാൻ വീഴ്ച വരുത്തിയാൽ റവന്യൂ റിക്കവറി നടപടി വഴി തുക ഈടാക്കുന്നതാണ്. | (1) സി.ഡി.എസ്സുകൾ തുക തിരിച്ചടച്ചതിന്റെ രേഖകൾ ഒന്നുംതന്നെ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു എന്നതിനുള്ള രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. (2) ധാരാമീറ്റർ റിപ്പയറിംഗ് യൂണിറ്റിനു നൽകിയ തുക തിരികെ അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. (3) ഫ്രണ്ട്സ് മിൽക്ക് പ്രൊഡക്റ്റിന് വായ്പയായി നൽകിയ 75,000 രൂപയിൽ 28,950 രൂപ തിരികെ സി.ഡി.എസ്. സെക്രട്ടറിയുടെ പേരിൽ വികാസ് ഭവൻ എസ്.ബി.റ്റി. ബ്രാഞ്ചിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട് എന്നതിനുള്ള രേഖകളൊന്നും |

| | |
|---|---|
| (2) സി.ഡി.എസ്. ഗവേണിംഗ് ബോഡി തീരുമാന പ്രാകരം ധാരാമീറ്റർ റിപ്പയറിംഗ് യൂണിറ്റിന് നൽകിയ 1,50,000 രൂപ ടി സ്ഥാപനം തിരികെ ഒടുക്കിയിട്ടുണ്ട്.<br>(3) 2001-02 വർഷത്തിൽ പൂന്തുറ എ.ഡി.എസ്.ന്റെ ഫ്രണ്ട്സ് മിൽക്ക് പ്രോഡക്ടിന് വായ്പയായി 75,000 രൂപ നൽകിയിരുന്നു. എന്നാൽ ടി യൂണിറ്റിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ വീഴ്ച കണ്ടെത്തിയതിനെ തുടർന്ന് ടി യൂണിറ്റിന് വായ്പ നല്കിയ ചാല എസ്.ബി.റ്റിയിലുള്ള ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 28,950 രൂപ അവശേഷിച്ചതായി കണ്ടെത്തുകയും ടി തുക തിരികെ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ പേരിൽ വികാസ് ഭവൻ എസ്.ബി.റ്റി. ബ്രാഞ്ചിലേക്ക് ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയും പലിശയും സഹിതം ഈടാക്കുന്നതിനായി ടി യൂണിറ്റിന്റെ ഗ്രൂപ്പ് ലീഡറിന്റെയും സെക്രട്ടറിയുടെയും പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദ വിവരം ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് 24-11-2011-ൽ കത്ത് നൽകിയിട്ടുണ്ട്. | ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിനുള്ള രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. |

**നിഗമനങ്ങൾ/ശിപാർശകൾ**

43. **വായ്പ തിരിച്ചടവാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തത് സംബന്ധിച്ച സർക്കാർ മറുപടിയിൽ, 7 യൂണിറ്റുകൾ വായ്പ തുക തിരികെ ഒടുക്കിയതായും എന്നാൽ വായ്പ തുകയുടെ പലിശ ഒടുക്കാത്ത സാഹചര്യത്തിൽ ഓരോ യൂണിറ്റും പലിശ സഹിതം തുക അടവാക്കണമെന്ന് നിർദ്ദേശിച്ചതായും ഇല്ലെങ്കിൽ ആർ.ആർ. മുഖേന ഈടാക്കുമെന്നും; ധാരാ റിപ്പയറിംഗ് യൂണിറ്റിന് നല്കിയ 1,50,000 രൂപ ടി സ്ഥാപനം തിരികെ**

**ഒടുക്കിയിട്ടുണ്ടെന്നും പരാമർശിച്ചിട്ടുണ്ടെങ്കിലും അതു സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് സമർപ്പിച്ചതായി കാണുന്നില്ല. ഫ്രണ്ട്സ് മിൽക്ക് പ്രൊഡക്റ്റിന് നല്കിയ 75,000 രൂപയിൽ ഉപയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിച്ച തുക സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും ബാക്കി തുക പലിശ സഹിതം ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കി ആയത് ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തുടർ പ്രവർത്തനമില്ല; ജന്റർ റിസോഴ്സ് സെന്റർ പാഴ്ചെലവായി**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നഗരസഭാ സി.ഡി.എസ്. തുടങ്ങിയ ജന്റർ റിസോഴ്സ് സെന്റർ തുടർപ്രവർത്തനമില്ലാതെ അടച്ചു പൂട്ടി. ഒന്നരവർഷത്തോളം മാത്രം പ്രവർത്തിച്ച സെന്ററിന് ചെലവഴിച്ച 3,01,676 രൂപ ഇതിനായി പാഴായി.

6-1-2000-ലാണ് വിജയവാഡ നഗരസഭയിലെ സമാന കേന്ദ്രത്തിന്റെ മാതൃകയിൽ സി.ഡി.എസ്. സെന്റർ തുടങ്ങിയത്. 28-12-1999 മുതൽ 28-6-2001 വരെ സെന്ററിന് 1,01,676 രൂപയുടെ വിവിധ ചെലവുകൾ കാണുന്നു. പുറമെ ഫാമിലി കൗൺസിലറുടേയും നിയമോപദേശകരുടേയും ഓണറേറിയമായി 2 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 6/2001-നുശേഷം സെന്റർ പ്രവർത്തിക്കുന്നതിന് തെളിവില്ല.

സെന്റർ തുടർന്ന് പ്രവർത്തിപ്പിക്കാൻ സാധ്യത തേടേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06 ഓഡിറ്റ് ഖണ്ഡിക 3.1.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. ജന്റർ റിസോഴ്സ് സെന്ററിന് അനുവദിച്ച പണം ചെലവഴിച്ചുപോയ സാഹചര്യത്തിൽ വിജയകരമാക്കാൻ കഴിയുന്ന സംരംഭമായതിനാൽ ഭൗതിക സൗകര്യം ഉറപ്പുവരുത്തി തുടർന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച് മുൻകൈ എടുക്കണമെന്നും പുതുക്കിയ ട്രെയിനിംഗ് സെന്ററിനെ സംബന്ധിച്ച വിശദാംശങ്ങൾ ആഡിറ്റിന് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുകയും ആയത് നൽകാമെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

45.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് |
|---|---|
| തിരുവനന്തപുരം നഗരസഭ ജനകീയാസൂത്രണ പദ്ധതിയുടെയും സി.ഡി.എസ്.ന്റെയും സംയുക്താഭിമുഖ്യത്തിൽ 6-1-2000-ലാണ് ജന്റർ റിസോഴ്സ് സെന്റർ ആരംഭിച്ചത്. ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന സ്ത്രീകൾക്ക് നിയമോപദേശം നൽകുക, വൈദ്യസഹായം നൽകുക, ആരോഗ്യ വിദ്യാഭ്യാസം നൽകുക, മാനസിക പ്രശ്നങ്ങൾ സംബന്ധിച്ച് കൗൺസിലിംഗ് നടത്തുക, കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച് ഉപദേശം നൽകുക, സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാധ്യതകളെപ്പറ്റി ബോധവൽക്കരിക്കുക തുടങ്ങിയവയായണ് ലക്ഷ്യങ്ങൾ. ആറ്റുകാൽ സി.ഡബ്ല്യൂ.സി.യിൽ ടി സെന്റർ പ്രവർത്തനം ആരംഭിക്കുകയും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരികയും ചെയ്തിരുന്നു. സ്ഥലപരിമിതി കാരണം പ്രവർത്തനം സുഗമമായി നടത്താൻ തടസ്സം നേരിട്ടതിന്റെ അടിസ്ഥാനത്തിൽ വിപുലമായ സൗകര്യങ്ങളോട് കൂടി പുതിയ സെന്റർ നിർമ്മിക്കാൻ തീരുമാനിക്കുകയും 1,82,10,000 രൂപ അടങ്കൽ തയ്യാറാക്കി | 3,01,676 രൂപ ചെലവാക്കി 6-1-2000-ൽ ആരംഭിച്ച ജന്റർ റിസോഴ്സ് സെന്റർ 28-6-2001 വരെ മാത്രമേ പ്രവർത്തിച്ചുള്ളൂ. കഴിഞ്ഞ 13 വർഷമായി സെന്റർ പ്രവർത്തിക്കുന്നില്ല. സ്ഥലപരിമിതി മൂലമാണ് പ്രവർത്തനം തുടരാൻ കഴിയാതെവന്നത് എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. എന്നാൽ ഈ പരിമിതമായ സ്ഥലത്ത് തന്നെയാണ് ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിച്ചത്. ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്താതെ പ്രോജക്ട് നടപ്പിലാക്കിയതുമൂലമാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പുതുക്കിയ സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. സെന്റർ പ്രവർത്തിക്കുന്നതിന് യോജ്യമായ സ്ഥലം കണ്ടെത്തുന്നതുവരെ പഴയ സ്ഥലത്തുതന്നെ സംരംഭം തുടരാമായിരുന്നു. മുടങ്ങിയ സംരംഭം നാളിതുവരെയും തുടങ്ങിയിട്ടില്ലാത്തതിനാൽ ഇതിനായി വാങ്ങിയ അനുബന്ധ ഉപകരണങ്ങൾ ഉപയോഗരഹിതമായി അവശേഷിച്ചിരിക്കുകയാണ്. തന്മൂലം അനുബന്ധ |

| | |
|---|---|
| നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് തുടർ പ്രവർത്തനം ആരംഭിക്കുന്നതാണ്.<br><br>ജന്റർ റിസോഴ്സ് സെന്ററിനായി ചെലവഴിച്ച 3,01,676 രൂപയിൽ 2,00,000 രൂപ കൗൺസിലിംഗ് നടത്തിയവരുടെയും നിയമോപദേശം നൽകിയവരുടെയും ഓണറേറിയം ഇനത്തിലും 69,876 രൂപ ടി സെന്ററിന് മരുന്ന് വാങ്ങൽ, ട്യൂഷൻ ഫീസ് ഇനങ്ങളിലും 31,800 രൂപ ഉത്ഘാടനം, അനുബന്ധ ഉപകരണങ്ങൾ വാങ്ങിയ ഇനങ്ങൾക്കുമാണ് ചെലവ് വന്നിട്ടുള്ളത്. സെന്റർ പ്രവർത്തിച്ചിരുന്ന കാലയളവിലെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവ് മാത്രമേ ഈ ഇനത്തിൽ വന്നിട്ടുള്ളൂ. പാഴ്ചെലവുകൾ വന്നിട്ടില്ലാത്തതാണ്. | ഉപകരണങ്ങൾക്കായി (റേഡിയോ, റ്റി.വി., വി.സി.ആർ., മെഡിക്കൽ ഉപകരണങ്ങൾ) ചെലവഴിച്ച തുക പാഴ്ചെലവാണ്. |

**നിഗമനങ്ങൾ/ശിപാർശകൾ**

**46. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് വിവിധ ബോധവല്ക്കരണത്തിനായി തുടങ്ങിയ പദ്ധതി പാഴ്ചെലവുകൾ വന്നിട്ടില്ലാത്തതാണെന്നും സെന്ററിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് തുടർപ്രവർത്തനം ആരംഭിക്കുന്നതാണെന്നുമുള്ള സർക്കാർ മറുപടിയിന്മേൽ 13 വർഷമായി പ്രവർത്തനം നിലച്ച ജന്റർ റിസോഴ്സ് സെന്റർ പരിമിതമായ സ്ഥലത്ത് ആരംഭിച്ചതിനാലും ഭൗതിക സാഹചര്യങ്ങൾ പോലും ഉറപ്പുവരുത്താതെ വിഭാവന ചെയ്തതിനാലുമാണ് പരാജയപ്പെട്ടതെന്ന ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. എന്നാൽ, ഇത് വിജയപ്രദമാക്കാൻ കഴിയുന്ന ഒരു സംരംഭമാണെന്നും ഇതിനായി വാങ്ങിയ അനുബന്ധ ഉപകരണങ്ങൾ (റേഡിയോ, ടി.വി., വി.സി.ആർ., മെഡിക്കൽ ഉപകരണങ്ങൾ) ഉപയോഗശൂന്യമാക്കാതെ ശ്രദ്ധിക്കണമെന്നും അനുയോജ്യമായ സ്ഥലത്ത് പദ്ധതി നടപ്പാക്കാൻ നഗരസഭ നടപടി സ്വീകരിക്കണമെന്നുമുള്ള നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നന്നാക്കാൻ കഴിയാത്ത ശ്മശാനത്തിന് അറ്റകുറ്റപ്പണി**

പ്രവർത്തനക്ഷമമാക്കാൻ കഴിയില്ലെന്ന് കണ്ടെത്തിയ വൈദ്യുതശ്മശാനത്തിന് അറ്റകുറ്റപ്പണി.

തൈക്കാട് വൈദ്യുതശ്മശാനത്തിനാണ് 2002-03-ൽ നഗരസഭ 74,690 രൂപയുടെ അറ്റകുറ്റപ്പണി നടത്തിയതായി ചെലവ് കാണുന്നത്. ശ്മശാനം വർഷങ്ങളായി ഉപയോഗിക്കാത്തതും പ്രവർത്തനക്ഷമമാക്കാൻ സാധ്യമല്ലാത്തതുമാണെന്നും സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിരുന്നു. 4/2000 മുതൽ ശ്മശാനത്തിൽനിന്നും വരവില്ലാത്തതും ശ്മശാനം ഉപയോഗശൂന്യമാണെന്നത് തെളിയിക്കുന്നു. മാത്രമല്ല അറ്റകുറ്റപ്പണിക്കുശേഷവും ശ്മശാനത്തിൽനിന്ന് വരവ് കാണുന്നില്ല. അറ്റകുറ്റപ്പണിയുടെ ഫയലും മൂല്യനിർണ്ണയരേഖകളും രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.1.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. നന്നാക്കാൻ കഴിയാത്ത ശ്മശാനത്തിന് അറ്റകുറ്റപ്പണിക്ക് 74,690 രൂപ ചെലവഴിച്ചതായും കമേഴ്സ്യലായി പ്രവർത്തിക്കുന്നതിനാൽ വരുമാനം ഉണ്ടാകേണ്ടതല്ലെയെന്ന് സമിതി ആരാഞ്ഞതിന് രജിസ്റ്റർ പരിശോധിച്ചതിൽ 2002-03-ൽ ശ്മശാനം പ്രവർത്തിച്ചിരുന്നതായും ചാർജ് ഈടാക്കിയതായി കാണുന്നില്ലെന്നും നഗരസഭ എഞ്ചിനീയർ സമിതിയെ അറിയിച്ചു.

48. ശവസംസ്കാരത്തിന് ഫീസ് ഈടാക്കരുതെന്ന ബോർഡ് തീരുമാനമുണ്ടെങ്കിൽ കമ്മിറ്റിയെ അറിയിക്കണമെന്നും 2005-ൽ പുതിയ ശ്മശാനം തുടങ്ങുമ്പോൾ പഴയ ശ്മശാനം അറ്റകുറ്റപ്പണി നടത്തിയത് ഏത് സാഹചര്യത്തിലാണെന്നും സമിതി മുമ്പാകെ മറുപടി പറയുന്നതിന് വിശദാംശങ്ങളുമായി ഹാജരാകണമെന്നും സമിതി നിർദ്ദേശിച്ചു.

49. ശ്മശാനം സംബന്ധിച്ച വരവുചെലവ് കണക്കുകൾ, ശവസംസ്കാരത്തിനുള്ള സെക്യൂരിറ്റി ഫീസ് എന്നിവ സംബന്ധിച്ച് പ്രത്യേക അക്കൗണ്ടായി സൂക്ഷിക്കുന്ന സമ്പ്രദായം നടപ്പിലാക്കണമെന്നും ഫയലുകൾ നിർബന്ധമായും ഓഡിറ്റിന് ഹാജരാക്കണമെന്നും സമിതി കർശനമായി നിർദ്ദേശിക്കുകയും ചെയ്തു.

സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

50.

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് |
| --- | --- |
| 2000-01 മുതൽ തൈയ്ക്കാട് വൈദ്യുതി ശ്മശാനത്തിൽ മൃതദേഹങ്ങൾ സൗജന്യമായി സംസ്കരിക്കുന്നതിന് നഗരസഭ തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റ് നിർദ്ദേശത്തിന്റെ വിശദീകരണം താഴെ ചേർക്കുന്നു:<br>നഗരസഭയുടെ ഉടമസ്ഥതയിലുള്ള തൈയ്ക്കാട് വൈദ്യുതി ശ്മശാനത്തിൽ മൃതദേഹങ്ങൾ സംസ്കരിക്കുന്നതിന് ഇപ്പോൾ 100 രൂപയാണ് ഫീസായി ഈടാക്കുന്നത്. ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ട ബാധ്യത പ്രാദേശിക ഭരണസമിതിയെന്ന നിലയിൽ നഗരസഭയ്ക്കാണെന്ന ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് മൃതദേഹങ്ങൾ വൈദ്യുതിശ്മശാനത്തിൽ സൗജന്യമായി സംസ്കരിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശവും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 4/2000 മുതൽ ശ്മശാനത്തിൽനിന്നും വരവ് ഇല്ലാത്തത്. എന്നാൽ ശ്മശാനത്തിൽ മൃതദേഹങ്ങൾ സംസ്കരിച്ചതിന്റെ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്.<br>1999-2000, 2000-2002, 2002-2003 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ | ശ്മശാനം വർഷങ്ങളായി ഉപയോഗിക്കാത്തതും പ്രവർത്തനക്ഷമമാക്കാൻ സാധ്യമല്ലാത്തതാണെന്നും സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. 4/2000 മുതൽ ശ്മശാനം ഉപയോഗശൂന്യമാണെന്നും ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഉപയോഗശൂന്യമായതും പ്രവർത്തനക്ഷമമാക്കാൻ സാധ്യമല്ലാത്തതുമായ ശ്മശാനത്തിനാണ് 2002-03-ൽ നഗരസഭ 74,690 രൂപ ചെലവാക്കി അറ്റകുറ്റപ്പണി നടത്തിയത്. ഇതു സംബന്ധിച്ച് ഫയലുകളും രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. പിന്നീട് 68 ലക്ഷം രൂപ മുടക്കി മെ. എസ്കോ ഫർണസ് പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ എന്ന സ്ഥാപനം ആധുനിക രീതിയിലുള്ള 2 ഫർണസുകൾ (ഇന്നത്തെ ശാന്തികവാടം) സ്ഥാപിക്കുകയുണ്ടായി. മാത്രവുമല്ല ഓപ്പറേഷൻ & മെയിന്റനൻസ് എന്ന ഇനത്തിൽ ഒരു ഫർണസിന് 36,000 രൂപ ഒരു മാസം 2 ഫർണസിനും കൂടി 72,000 രൂപ പ്രതിമാസം നഗരസഭ കമ്പനിക്ക് നൽകിക്കൊണ്ട് കമ്പനിയെ നിലനിർത്തിയിരിക്കുന്നു എന്നതാണ് നിലവിലെ സ്ഥിതി. പ്രവർത്തനക്ഷമമല്ലാത്ത ശ്മശാനത്തിൽ മൃതദേഹങ്ങൾ സൗജന്യമായി |

| | |
|---|---|
| വൈദ്യുതി ശ്മശാനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തിയിട്ടുള്ളതാണ്. | സംസ്കരിച്ചെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഉപയോഗക്ഷമമല്ലാത്ത ശ്മശാനത്തിന്റെ അറ്റകുറ്റപ്പണിക്കായി 74,690 രൂപ ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. |

**നിഗമനങ്ങൾ/ശിപാർശകൾ**

51. **നഗരസഭയുടെ ഉടമസ്ഥതയിലുള്ള തൈയ്ക്കാട് വൈദ്യുതിശ്മശാനത്തിൽ 2000-01 മുതൽ സൗജന്യമായാണ് മൃതദേഹങ്ങൾ സംസ്കരിക്കുന്നതെന്നും ആയതിനാലാണ് 4/2000 മുതൽ ആയിനത്തിൽ വരുമാനം ഇല്ലാത്തതെന്നും സമിതിക്ക് ബോധ്യമാകുന്നു. എന്നാൽ 4/2000 മുതൽ ടി ശ്മശാനം ഉപയോഗശൂന്യമാണെന്ന് നഗരസഭാ സെക്രട്ടറി ഓഡിറ്റിന് റിപ്പോർട്ട് നൽകിയതിന്റെ സാംഗത്യം സമിതിക്ക് മനസിലാകുന്നില്ല. ടി റിപ്പോർട്ട് ആധാരമാക്കിയാണ് ഉപയോഗശൂന്യമായ ശ്മശാനത്തിന് രണ്ടു വർഷത്തിനുശേഷം (2002-03-ൽ) അറ്റകുറ്റപ്പണിക്കായി ചെലവാക്കിയ തുക ഓഡിറ്റ് അംഗീകരിക്കാത്തതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രവർത്തനക്ഷമമല്ലാത്ത ശ്മശാനത്തിൽ സൗജന്യമായി മൃതദേഹം സംസ്കരിച്ചുവെന്ന നഗരസഭയുടെ വാദം അംഗീകരിക്കാവുന്നതല്ല എന്ന ഓഡിറ്റിന്റെ നിലപാടും ഈയൊരു അർത്ഥത്തിൽ ന്യായയുക്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ശ്മശാനം ഉപയോഗശൂന്യമാണെന്ന നഗരസഭാ സെക്രട്ടറി ഓഡിറ്റിന് റിപ്പോർട്ട് നൽകിയതിന്റെ നിജസ്ഥിതി പരിശോധിക്കുവാനും ആയത് ശരിയായിരുന്നുവെങ്കിൽ എന്തടിസ്ഥാനത്തിലാണ് 74,690 രൂപ വീണ്ടും ചെലവാക്കി അറ്റകുറ്റപ്പണി നടത്തിയതെന്നും നഗരസഭ വ്യക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, അറ്റകുറ്റപ്പണി നടത്തിയതിനുശേഷം ടി ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചിട്ടുണ്ടോ എന്നും നിലവിൽ ഉപയോഗിക്കുന്ന ഫർണ്ണസുകൾ സ്ഥാപിച്ചത് എന്നാണെന്നും അവയുടെ ഇപ്പോഴത്തെ പ്രവർത്തനക്ഷമത എങ്ങനെയുണ്ടെന്നും ഇപ്പോൾ മൃതദേഹങ്ങൾ സംസ്കരിക്കുന്നതിനു ഫീസ് ഈടാക്കുന്നുണ്ടോയെന്നും എങ്കിൽ എത്രയെന്നും അതിനായി മതിയായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ടോ എന്നുമുള്ള കാര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*ചെയർമാൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 9 | തിരുവനന്തപുരം നഗരസഭ തദ്ദേശസ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ് | അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഫണ്ടുകൾ കൈമാറിയപ്പോൾ കടിശ്ശികയായ വാർഷിക കണക്ക് തയ്യാറാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമായി സർക്കാർ അനുവദിച്ചതിനേക്കാൾ അധിക തുക നഗരസഭ ചെലവഴിച്ചതായി സമിതി മനസ്സിലാക്കുന്നു. സർക്കാർ അനുവദിച്ചതിനേക്കാൾ അധികം തുക ചെലവഴിച്ചതിന് നഗരസഭ നല്കിയിട്ടുള്ള വിശദീകരണം പൂർണ്ണമായും തൃപ്തികരമല്ല. ഓരോ ശീർഷകത്തിനും ആവശ്യത്തിനും അനുവദിക്കുന്ന തുക ചെലവാക്കുവാൻ മാത്രമേ അതത് അധികാരസ്ഥാനങ്ങൾക്ക് അധികാരമുള്ളൂ. അനുവദിക്കപ്പെട്ട തുക ഉദ്ദിഷ്ടകാര്യത്തിന് അപര്യാപ്തമാണെങ്കിൽ ആ വിവരം ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനത്തെ ബോധ്യപ്പെടുത്തി മതിയായ അനുമതി നേടി മാത്രമേ ചെലവ് ചെയ്യാൻ പാടുള്ളൂ. അതുപോലെ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാവർത്തികമാക്കേണ്ട സംഗതികൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിശ്ചയിച്ച് നല്കുമ്പോൾ അതിനാവശ്യമായ പണം കൂടി പ്രദാനം ചെയ്യുന്നതിന് സർക്കാർ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മേൽ പരാമർശിച്ച സംഗതിയിൽ അനുവദിച്ച തുകയേക്കാൾ അധികം തുക ചെലവാക്കിയ നടപടി അംഗീകരിക്കത്തക്കതല്ലെങ്കിലും കുടിശ്ശിക വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് അനുവദിച്ച തുക പര്യാപ്തമായിരുന്നില്ല എന്ന നഗരസഭയുടെ വാദം യുക്തിസഹമാണെന്ന് സമിതി വിലയിരുത്തുന്നു. 1990-91 കാലയളവിലെ വാർഷിക കണക്കുകളൊഴികെ 2013-14 വരെയുള്ള എല്ലാ വാർഷിക കണക്കുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കാലയളവിലെ വാർഷിക കണക്കുകൾ കൂടി ഓഡിറ്റിന് ഹാജരാക്കുവാനും അധികം ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച് സർക്കാർ അടിയന്തരമായി തീരുമാനം എടുത്ത് റിപ്പോർട്ട് സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഭാവിയിൽ ഇത്തരം ജോലികൾക്ക് മതിയായ തുക അനുവദിക്കുവാൻ ധനകാര്യ വകുപ്പ് ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 13 | തിരുവനന്തപുരം നഗരസഭ | തൊഴിൽ നികുതി ഈടാക്കുന്ന മാനദണ്ഡപ്രകാരം ഒരു അർദ്ധവർഷത്തിൽ 60 ദിവസം തുടർച്ചയായി ജോലി നോക്കിയിട്ടും തൊഴിൽ നികുതി ഈടാക്കാത്തതുമൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം ബന്ധപ്പെട്ട റവന്യൂ ഓഫീസറിൽ നിന്നും ഈടാക്കണമെന്ന നിർദ്ദേശപ്രകാരം 4,054 രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളുവെന്നാണ് സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. എന്നാൽ പ്രസ്തുത തുക ഈടാക്കിയതിന്റെയോ നഗരസഭാ ഫണ്ടിൽ ഒടുക്കിയതിന്റെയോ ബാക്കിയുള്ള തുക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെയോ വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ നഷ്ടത്തുക മുഴുവൻ ഈടാക്കുവാനും ഈയിനത്തിൽ ഈടാക്കിയ തുകയുടെയും ആയത് ഫണ്ടിൽ ഒടുക്കിയതിന്റെയും അവശേഷിക്കുന്ന തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 17 | ,, | ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ യഥാസമയം ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല എന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള സർക്കാർ മറുപടി (ന്യൂനതാ പരിഹാര നടപടി പത്രിക) സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും യഥാസമയം ഹാജരാക്കുന്നില്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഓഡിറ്റ് വേളയിൽ ലഭ്യമാക്കേണ്ട അവശ്യരേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കണമെന്നും ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള മറുപടി നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ സമിതിക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും സമർപ്പിക്കണമെന്നും സമിതി നിഷ്കർഷിക്കുന്നു. പരാമർശവിധേയമായ ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയതായും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുമുള്ള ഓഡിറ്റിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 23 | തിരുവനന്തപുരം നഗരസഭ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് | സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധിക്കണമെന്ന വ്യവസ്ഥപ്രകാരം ഓഡിറ്റിന് കണക്കുകൾ ഹാജരാക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി സമിതി വീക്ഷിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം 1997-98 മുതൽ 2001-02 വരെയുള്ള വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ 2000-01 വർഷത്തിൽ മരാമത്തുപണികൾക്കായി ചെലവഴിച്ച 43,15,525 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയതായി കാണുന്നില്ല. പ്രസ്തുത രേഖകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കാനും അല്ലാത്തപക്ഷം പ്രസ്തുത ചെലവിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 26 | തിരുവനന്തപുരം നഗരസഭ | ആദായ നികുതിയിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക യഥാസമയം കേന്ദ്ര സർക്കാരിലേക്ക് അടയ്ക്കാത്തതുമൂലം പിഴപ്പലിശ ഒടുക്കേണ്ടിവന്ന സാഹചര്യത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല എന്നാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ, നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്ന് തുക ഈടാക്കുവാനും അത് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാനും സ്വീകരിച്ച നടപടി റിപ്പോർട്ട് നല്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 29 | തിരുവനന്തപുരം നഗരസഭ തദ്ദേശസ്വയംഭരണ വകുപ്പ് | 2000-2001-ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നഗരസഭ നടപ്പാക്കിയ 'വികസനത്തിന്റെ ജനകീയ മാതൃക' എന്ന പദ്ധതി സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിന്മേൽ സമിതി തെളിവെടുക്കുന്ന 23-11-2011-ന് പോലും യാതൊരു മറുപടിയും പറയുവാൻ നഗരസഭാ സെക്രട്ടറിക്ക് കഴിയാതെ പോയതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയോഗം പരിഗണിച്ച പ്രസ്തുത വിഷയത്തിന്മേൽ അടുത്ത യോഗത്തിൽ മറുപടി പറയാമെന്ന് ഉറപ്പ് നൽകിയിട്ട്, സമിതിയുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിരന്തരമുള്ള ഓർമ്മപ്പെടുത്തലിന് ശേഷവും 28-10-2013-ാം തീയതി മാത്രമാണ് ഇത് സംബന്ധിച്ച് മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിച്ചത്. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വീക്ഷിക്കുന്നതോടൊപ്പം സമിതി മുമ്പാകെ നല്കുന്ന ഉറപ്പുകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ കർശനമായ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു. |
| 7 | 30 | തിരുവനന്തപുരം നഗരസഭ<br>തദ്ദേശസ്വയംഭരണ വകുപ്പ് | ലോക്കൽ ഫണ്ട് ഓഡിറ്റ് മുഖേന സർക്കാർ സമർപ്പിച്ച മറുപടിയിൽ നിന്നും പരാമർശ വിധേയമായ സംഗതിയിൽ 4,74,353 രൂപ പാഴ്ച്ചെലവായി എന്ന ഓഡിറ്റിന്റെ നിരീക്ഷണം ദൃഢപ്പെടുന്നതായാണ് കാണുന്നത്. പാഴ്ച്ചെലവായ തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കണമെന്നും പദ്ധതിക്കെതിരായ ആക്ഷേപമെന്തെന്നും ഡോക്യുമെന്ററിയുടെ കാസറ്റ് ഹാജരാക്കണമെന്നുമുള്ള സമിതിയുടെ ആവശ്യങ്ങളിന്മേൽ അധികവിവര റിപ്പോർട്ട് മൗനം പാലിക്കുകയാണ് ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിന്റെ ചുമതല വഹിച്ച സ്ഥാപനം പൂട്ടിപ്പോയെന്നും ഡോക്യുമെന്ററി ചിത്രീകരിച്ച കാസറ്റ് പ്രദർശിപ്പിക്കാതെ നഗരസഭാ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ വികസനം സംബന്ധിച്ച വിവരം ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞില്ലെന്നുമുള്ള മറുപടി സംശയാസ്പദമാണ്. പൊതുജനാവിൽ നിന്നും ഗണ്യമായൊരു തുക ചെലവഴിച്ച് ചിത്രീകരിച്ച ഡോക്യുമെന്ററി, കാസറ്റ് രൂപത്തിലായിട്ടും അത് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പ്രദർശിപ്പിച്ചില്ല എന്നത് വിശ്വസനീയമല്ല. മറിച്ച് പദ്ധതി വിഭാവനം ചെയ്യപ്രകാരം ഡോക്യുമെന്ററി തയ്യാറാക്കിയില്ല എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. കൂടാതെ ചിത്രീകരണ ചുമതല ഏല്പിച്ച സ്ഥാപനത്തെ സംബന്ധിച്ചും സംശയാസ്പദമായ സാഹചര്യമാണ് പ്രകടമാകുന്നത്. ഈ സാഹചര്യത്തിൽ, ഇത് സംബന്ധിച്ച് സർക്കാർ സമഗ്രമായൊരു അന്വേഷണം നടത്തി നിജസ്ഥിതി വെളിച്ചത്തിൽ കൊണ്ടുവരുവാനും നഷ്ടത്തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സർക്കാർ മറുപടിയിൽ പരാമർശിക്കും പ്രകാരം കാസറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഒരു പകർപ്പ് സമിതിക്ക് സമർപ്പിക്കുവാനും ഡോക്യുമെന്ററിയുടെ നിർമ്മാണ ചുമതല ഏല്പിച്ച സ്ഥാപനം, നൽകിയ തുക, തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്നിവ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 35 | തിരുവനന്തപുരം നഗരസഭ തദ്ദേശസ്വയംഭരണ വകുപ്പ് | സാംസ്കാരിക നിലയനിർമ്മാണത്തിന് നിർമ്മാണ സമിതിയുമായി ഏർപ്പെട്ട കരാർ തുകയേക്കാൾ 8,05,573 രൂപ അധികവും 50,000 രൂപ മുൻകൂറും നൽകിയതായി സമിതി മനസ്സിലാക്കുന്നു. കരാർ പ്രകാരം നൽകുവാനുള്ള ഗുണഭോക്തൃവിഹിതം (8,05,567 രൂപ) ലഭിച്ചിട്ടുണ്ടോ തുക നൽകിയത് മൂല്യനിർണ്ണയം നടത്തി യിട്ടാ ണോ സമാ ഹരണ മുൻ കൂർ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നൽകിയത് രേഖാമൂലവും കരാറിന്റെ അടിസ്ഥാനത്തിലുമാണോ എന്നിവ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സാംസ്കാരിക നിലയനിർമ്മാണം 6 വർഷങ്ങൾ കൊണ്ട് പൂർത്തിയായി പ്രവർത്തന സജ്ജമായിട്ടുണ്ടെന്ന് മാത്രമേ സർക്കാർ രേഖാമൂലം നൽകിയ മറുപടിയിൽ പരാമർശിച്ചിട്ടുള്ളൂ. ഓഡിറ്റ് ഉന്നയിച്ചിട്ടുള്ളതോ സമിതി ആവശ്യപ്പെട്ടിട്ടുള്ളതോ ആയ സംഗതി സംബന്ധിച്ച് പ്രസ്തുത മറുപടിയിൽ യാതൊന്നും പ്രതിപാദിക്കുന്നില്ല. നഗരസഭയുടെയും സർക്കാരിന്റെയും ഈ സമീപനം യഥാർത്ഥത്തിൽ മറുപടി നൽകേണ്ട വിഷയത്തിൽ നിന്നുള്ള ബോധപൂർവ്വമായ ഒഴിഞ്ഞുമാറലാണ്. പദ്ധതി അടങ്കലിന്റെ 50% തുക മാത്രം നൽകിയാൽ മതിയെന്നിരിക്കെ, എല്ലാ മാനദണ്ഡങ്ങളും ചട്ടങ്ങളും മറികടന്ന് മുഴുവൻ തുകയും നൽകിയ ഉദ്യോഗസ്ഥരുടെ നടപടി തികച്ചും നിരുത്തരവാദപരമാണ്. ഈ സാഹചര്യത്തിൽ കരാർ പ്രകാരം നൽകേണ്ട തുകയിൽ നിന്ന് അധികരിച്ച് നൽകിയ തുക (ഗുണഭോക്തൃ വിഹിതവും, മുൻകൂറും) ബന്ധപ്പെട്ട നിർമ്മാണ സമിതിയിൽ നിന്ന് അടിയന്തരമായി ഈടാക്കുവാനും അതിന് സാധിക്കാത്തപക്ഷം അധികത്തുക നൽകാനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ ബാധ്യത നിശ്ചയിച്ച് ഈടാക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 40 | തിരുവനന്തപുരം നഗരസഭ | ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൺവീനർമാർ മുൻകൂർ തുക കൈപ്പറ്റിയശേഷം പദ്ധതികൾ ഉപേക്ഷിച്ച എന്നത് ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്തിലുള്ള ആസൂത്രണത്തിലെ തന്നെ പിഴവായി സമിതി കാണുന്നു. ആയതിനാൽ, മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 1,25,125 രൂപ വീഴ്ചയുത്തരവാദികളായവരിൽ നിന്ന് ഈടാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത തുകയിൽ, ബീമാപ്പള്ളി ബി.ജെ.എം. ഫുട്ബോൾ ഗ്രൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുവാനും നഗരസഭ അവകാശപ്പെട്ടുന്നതുപോലെ മതിലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയിനത്തിലുള്ള തുക ഓഡിറ്റ് തടസ്സത്തിൽ നിന്നും മേൽപ്പറഞ്ഞ ബാധ്യതാത്തുകയിൽ നിന്നും ഒഴിവാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 43 | തിരുവനന്തപുരം നഗരസഭ<br>തദ്ദേശസ്വയംഭരണ വകുപ്പ് | വായ്പ തിരിച്ചടവാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തത് സംബന്ധിച്ച സർക്കാർ മറുപടിയിൽ, 7 യൂണിറ്റുകൾ വായ്പ തുക തിരികെ ഒടുക്കിയതായും എന്നാൽ വായ്പ തുകയുടെ പലിശ ഒടുക്കാത്ത സാഹചര്യത്തിൽ ഓരോ യൂണിറ്റും പലിശ സഹിതം തുക അടവാക്കണമെന്ന് നിർദ്ദേശിച്ചതായും ഇല്ലെങ്കിൽ ആർ.ആർ. മുഖേന |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഈടാക്കണമെന്നും ധാരാ റിപ്പയറിംഗ് യൂണിറ്റിന് നൽകിയ 1,50,000 രൂപ ടി സംഘം തിരികെ ഒടുക്കിയിട്ടുണ്ടെന്നും പരാമർശിച്ചിട്ടുണ്ടെങ്കിലും അത് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് സമർപ്പിച്ചതായി കാണുന്നില്ല. ഫ്രണ്ട്സ് മിൽക്ക് പ്രൊഡക്ടിന് നൽകിയ 75,000 രൂപയിൽ ഉപയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിച്ച തുക സി.ഡി.എസ്. മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും ബാക്കി തുക പലിശ സഹിതം ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കി ആയത് ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 46 | തിരുവനന്തപുരം നഗരസഭ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് വിവിധ ബോധവൽക്കരണത്തിനായി തുടങ്ങിയ പദ്ധതി പാഴ്ചെലവുകൾ വന്നിട്ടില്ലാത്തതാണെന്നും സെന്ററിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് തുടർപ്രവർത്തനം ആരംഭിക്കുന്നതാണെന്നുമുള്ള സർക്കാർ മറുപടിയിന്മേൽ 13 വർഷമായി പ്രവർത്തനം നിലച്ച ഇന്റർ റിസോഴ്സ് സെന്റർ പരിമിതമായ സഹവത്ത് ആരംഭിച്ചതിനാലും ഭൗതിക സാഹചര്യങ്ങൾ പോലും ഉറപ്പുവരുത്താതെ വിഭാവന ചെയ്തതിനാലുമാണ് പരാജയപ്പെട്ടതെന്ന ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. എന്നാൽ, ഇത് വിജയപ്രദമാക്കാൻ കഴിയുന്ന ഒരു സംരംഭമാണെന്നും ഇതിനായി വാങ്ങിയ അനുബന്ധ ഉപകരണങ്ങൾ (റേഡിയോ, ടി.വി., വി.സി.ആർ., മെഡിക്കൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഉപകരണങ്ങൾ) ഉപയോഗശൂന്യമാക്കാതെ ശ്രദ്ധിക്കണമെന്നും അനുയോജ്യമായ സ്ഥലത്ത് പദ്ധതി നടപ്പാക്കാൻ നഗരസഭ നടപടി സ്വീകരിക്കണമെന്നുമുള്ള നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 51 | തിരുവനന്തപുരം നഗരസഭ | നഗരസഭയുടെ ഉടമസ്ഥതയിലുള്ള തൈയ്ക്കാട് വൈദ്യുതി ശ്മശാനത്തിൽ 2000-2001 മുതൽ സൗജന്യമായാണ് മൃതദേഹങ്ങൾ സംസ്കരിക്കുന്നതെന്നും ആയതിനാലാണ് 4/2000 മുതൽ ആയിനത്തിൽ വരുമാനം ഇല്ലാത്തതെന്നും സമിതിക്ക് ബോധ്യമാകുന്നു. എന്നാൽ 4/2000 മുതൽ ടി ശ്മശാനം ഉപയോഗശൂന്യമാണെന്ന് നഗരസഭാ സെക്രട്ടറി ഓഡിറ്റിന് റിപ്പോർട്ട് നൽകിയതിന്റെ സാംഗത്യം സമിതിക്ക് മനസിലാകുന്നില്ല. ടി റിപ്പോർട്ട് ആധാരമാക്കിയാണ് ഉപയോഗശൂന്യമായ ശ്മശാനത്തിന് രണ്ട് വർഷത്തിനുശേഷം (2002-03-ൽ) അറ്റകുറ്റപ്പണിക്കായി ചെലവാക്കിയ തുക ഓഡിറ്റ് അംഗീകരിക്കാത്തതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രവർത്തനക്ഷമമല്ലാത്ത ശ്മശാനത്തിൽ സൗജന്യമായി മൃതദേഹം സംസ്കരിച്ചുവെന്ന നഗരസഭയുടെ വാദം അംഗീകരിക്കാവുന്നതല്ല എന്ന ഓഡിറ്റിന്റെ നിലപാടും ഈയൊരു അർത്ഥത്തിൽ ന്യായയുക്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ശ്മശാനം ഉപയോഗശൂന്യമാണെന്ന നഗരസഭാ സെക്രട്ടറി ഓഡിറ്റിന് റിപ്പോർട്ട് നൽകിയതിന്റെ നിജസ്ഥിതി പരിശോധിക്കുവാനും ആയത് ശരിയായിരുന്നുവെങ്കിൽ എന്തടിസ്ഥാനത്തിലാണ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | 74,690 രൂപ വീണ്ടും ചെലവാക്കി അറ്റകുറ്റപ്പണി നടത്തിയതെന്നും നഗരസഭ വ്യക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, അറ്റകുറ്റപ്പണി നടത്തിയതിനുശേഷം ടി ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചിട്ടുണ്ടോ എന്നും നിലവിൽ ഉപയോഗിക്കുന്ന ഫർണസുകൾ സ്ഥാപിച്ചത് എന്നാണെന്നും അവയുടെ ഇപ്പോഴത്തെ പ്രവർത്തനക്ഷമത എങ്ങനെയുണ്ടെന്നും ഇപ്പോൾ മൃതദേഹങ്ങൾ സംസ്കരിക്കുന്നതിന് ഫീസ് ഈടാക്കുന്നുണ്ടോയെന്നും എങ്കിൽ എത്രയെന്നും അതിനായി മതിയായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ടോ എന്നുമുള്ള കാര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ തിരുവനന്തപുരം നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

**(Remedial Measures Taken Statement)**

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| 1. | 2002-03 | VII.III. 1 (i) | | 1994–95 മുതൽ 1999–2000 വരെയുള്ള ഡി.സി.ബി. തയ്യാറാക്കുന്നതിന് നഗരസഭയിൽനിന്നും പെൻഷൻപറ്റിപ്പിരിഞ്ഞ 25 ജീവനക്കാരെ നിയോഗിച്ച് ഡി.സി.ബി. പൂർത്തിയാക്കാനും, ഒരാൾക്ക് പ്രതിദിനം 140/– രൂപ നിരക്കിൽ നൽകുന്നതിനും ഒരു വർഷത്തെ ഡി.സി.ബി. തയ്യാറാക്കുന്നതിനും, 2,52,000/– രൂപയുടെ ചെലവ് അംഗീകരിച്ച് കമ്മിറ്റി തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 25 ജീവനക്കാരെ നിയോഗിച്ച് ഡി.സി.ബി. ജോലി നടത്തിവന്നിരുന്നതുമാണ്. എന്നാൽ ഒരു വർഷത്തെ ഡി.സി.ബി. തയ്യാറാക്കുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നത് 40,000/– രൂപ മാത്രമാണ്. സർക്കാർ ഒരു വർഷത്തേയ്ക്ക് അനുവദിച്ച തുക തിരുവനന്തപുരം നഗരസഭയെപ്പോലുള്ള സ്ഥാപനത്തിന്റെ ഡി.സി.ബി. തയ്യാറാക്കുന്നതിന് പര്യാപ്തമായിരുന്നില്ല. 25 ജീവനക്കാർക്ക് 140/– രൂപാ നിരക്കിൽ ഒരു ദിവസത്തേയ്ക്ക് 3,500/– രൂപ വേണ്ടിവന്നിരുന്നു. അപ്രകാരം പരിശോധിച്ചാൽതന്നെ ഒരു മാസം 24 ദിവസത്തെ പ്രവൃത്തി ദിവസം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| | | | | കണക്കാക്കിയാൽതന്നെ 84,000/- രൂപ ചെലവ് വന്നതായി കാണാം. ഇതിൽ നിന്നുതന്നെ സർക്കാർ അനുമതി തന്നിട്ടുള്ള 40,000/- രൂപ എന്നത് വളരെ പരിമിതമായ തുകയാണെന്നു വ്യക്തമാണ്. എല്ലാ നഗരസഭകളിലും ഡി.സി.ബി. തയ്യാറാക്കുന്നതിന് പ്രൈവറ്റ് ഏജൻസിയെ ഏൽപ്പിക്കുന്നതിന് സർക്കാർ തലത്തിൽതന്നെ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഒരു വർഷത്തെ ഡി.സി.ബി. തയ്യാറാക്കുന്നതിന് സർക്കാർ അനുവദിച്ചിട്ടുള്ളത് 4,00,000/- രൂപയാണ്. ഇപ്പോഴത്തെ ഡി.സി.ബി. എടുക്കുന്നതിനു വേണ്ട ജോലിഭാരം 1994-95 മുതൽ ഡി.സി.ബി. എടുത്തിരുന്ന ജോലിക്കാർക്കും ഉണ്ടായിരുന്നു. സമാന ജോലി ചെയ്തവർക്ക് ഇപ്പോൾ 4,00,000/- രൂപ അനുവദിച്ചതുപ്രകാരം കണക്കാക്കിയാൽ 1994-95 മുതൽ 1996-97 വരെ ചെലവായ തുക ഇക്കാര്യത്തിൽ വേണ്ടിവരുമെന്നുള്ളത് കണക്കിലെടുത്ത് ആഡിറ്റിലെ തടസ്സം നീക്കംചെയ്തു തുക ചെലവായ നടപടി അംഗീകരിക്കാവുന്നതാണ്.<br><br>തുടർന്നുള്ള വാർഷിക കണക്ക് പ്രൈവറ്റ് ഏജൻസിയായ മെ.കണ്ണൻ ആന്റ് കാസിം എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും, 1998-99 മുതൽ 2004-05 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| | | | | വരെയുള്ള വാർഷിക കണക്ക് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി വാർഷിക കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ നഗരസഭയുടെ അക്കൗണ്ടിംഗ് സിസ്റ്റം കമ്പ്യൂട്ടറൈസ് ചെയ്തു ഡബിൾ എൻട്രി സിസ്റ്റത്തിലാക്കിയിട്ടുണ്ട്. 2010-11 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി അയച്ചു കഴിഞ്ഞു. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| 2. | 2002-03 | VII.III.I(ii) | | 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 245-1(എ.ബി) എന്നീ വകുപ്പുകൾ അനുസരിച്ച് താല്ക്കാലിക ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കി ഒടുക്കേണ്ടത് ഫെബ്രുവരി, ആഗസ്റ്റ് മാസങ്ങളിലായിട്ടാണ്. ഈ ഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്ന കാലയളവിലെ ജീവനക്കാർ എല്ലാംതന്നെ 2000 ഡിസംബർ മാസം അവസാനത്തോടെയാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ മറ്റു ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ജനുവരി മാസംതന്നെ തൊഴിൽ നികുതി വസൂൽചെയ്ത കൂട്ടത്തിൽ താല്ക്കാലിക ജീവനക്കാർ 60 ദിവസം തുടർച്ചയായി ജോലി നോക്കിയിട്ടില്ലാത്തതിനാൽ താല്ക്കാലിക ജീവനക്കാരിൽനിന്നും തൊഴിൽ നികുതി വസൂലാക്കാൻ കഴിഞ്ഞിരുന്നില്ല. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| 3. | | VII.III.I(iii) | | 1<br>1998-99 മുതലുള്ള തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയിട്ടുള്ള ജനകീയാസൂത്രണ പദ്ധതി സംബന്ധിക്കുന്ന മുഴുവൻ ഫയലുകളും സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2002-03-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| 4. | 2003–04 | 7.1.1 | | തിരുവനന്തപുരം നഗരസഭയുടെ വാർഷിക കണക്കുകൾ നൽകുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിനായി ബഹു. കൗൺസിൽ തീരുമാനിക്കുകയും, മുനിസിപ്പൽ നിയമം അനുശാസിക്കും വിധം വാർഷിക കണക്കുകൾ തയ്യാറാക്കി നൽകാൻ 1988–89 മുതൽ 1993–94 വരെയുള്ള കണക്കുൾ ഫിലിപ്പ് ആന്റ് മാത്യു എന്ന പ്രൈവറ്റ് ഏജൻസിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 1995–96 മുതൽ 1998–99 വരെയുള്ള വാർഷിക കണക്ക് നഗരസഭയിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരെക്കൊണ്ടും തയ്യാറാക്കുകയുണ്ടായി. ഇപ്രകാരം ലഭിച്ച വാർഷിക കണക്ക് റിപ്പോർട്ടുകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുള്ളതുമാണ്.<br><br>1999–2000 മുതൽ 2004–05 വരെയുള്ള വാർഷിക കണക്കുകൾ മെ. കണ്ണൻ & കാസിം എന്ന ഏജൻസിയെ ഏൽപ്പിക്കുകയും, അവർ തയ്യാറാക്കിയ വാർഷിക കണക്ക് ലോക്കൽ ഫണ്ട് ഓഡിറ്റിന് പരിശോധനയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ടി വാർഷിക കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിക്കുകയും, ഓഡിറ്റ് സർട്ടിഫിക്കറ്റ് സഹിതം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിച്ച ഓഡിറ്റ് റിപ്പോർട്ട് നഗരസഭാ |

91/2016

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| | | | | കൗൺസിൽ ചർച്ചചെയ്ത് അംഗീകരിച്ചിട്ടുള്ളതുമാണ്. ടി റിപ്പോർട്ടുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനുള്ള തുടർനടപടികളും നടന്നു വരുന്നു.<br><br>1998–99 മുതൽ 2001–02 വരെയുള്ള പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും രജിസ്റ്ററുകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുള്ളതുമാണ്.<br><br>2000–01 വർഷം തനതു ഫണ്ടിൽനിന്നും വിവിധ മരാമത്ത് പണികൾ നടത്തിയിട്ടുള്ള ഫയലുകളും ഓഡിറ്റിന് നൽകിയിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| 5 | 2003-04 | 7.1.2. | | 1997-98, 99-00 കാലയളവിൽ ജനകീയാസൂത്രണ പദ്ധതി തുടങ്ങിയ കാലയളവിൽ ജനകീയാസൂത്രണ പദ്ധതി മുഖേന ചെയ്യുന്ന വിവിധ മരാമത്ത് ജോലികളുടെ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയിരുന്നില്ല. ജനകീയ പദ്ധതികളായതിനാലും, ഗവൺമെന്റിൽ നിന്നും വ്യക്തമായ നിർദ്ദേശങ്ങൾ ഇല്ലാതിരുന്നതിനാലുമാണ് ഈടാക്കാതിരുന്നത്. എന്നാൽ പിന്നീട് മരാമത്ത് പണികളുടെ ആദായ നികുതി അടയ്ക്കാമെന്ന് നിർദ്ദേശം വരികയും, അതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി കാലയളവിലെ ബില്ലുകളിൽ നിന്നും ആദായ നികുതി ഈടാക്കിയെങ്കിലും തുക വളരെ കൂടുതലും നഗരസഭയിലെ ഫണ്ട് ദൗർലഭ്യവും കാരണം ആദായ നികുതി അടയ്ക്കാൻ കാലതാമസം നേരിട്ടു. ഈ സാഹചര്യത്തിലാണ് പിന്നീട് പിഴപലിശയിനത്തിൽ 52,548/- രൂപ ഒടുക്കേണ്ടിവന്നത്. അല്ലാതെ യഥാസമയംഒടുക്കുവരുത്താൻ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും മനഃപൂർവ്വം വീഴ്ച വരുത്തിയിട്ടുള്ളതല്ല.<br><br>നിലവിലും ജനകീയ സമിതികൾ ചെയ്യുന്ന ജോലികളുടെ ആദായനികുതി നഗരസഭയാണ് ഒടുക്കി വരുന്നത്. |
| 6 | 2003-04 | 7.1.3. | | 2000-01 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിക്ക് ബഹു.നഗരസഭാ കൗൺസിലിന്റെയും ജില്ലാ പ്ലാനിംഗ് ബോർഡിന്റെയും അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ആദ്യഘട്ടം പൂർത്തിയാക്കി ചിത്രീകരണം നടത്തിയിട്ടുള്ള കാസറ്റ് നഗരസഭാ സെക്രട്ടറിയുടെ റൂമിൽ സൂക്ഷിച്ചിട്ടുള്ളതാണ്. രണ്ടാംഘട്ടം നിർമ്മാണം തുടങ്ങിയെങ്കിലും 12.06.2003-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് ടി പദ്ധതിയുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിക്കുകയും, പദ്ധതിയെക്കുറിച്ച് ആക്ഷേപം ഉള്ളതുകൊണ്ട് ടി പദ്ധതി തുടരേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനം നഗരസഭാ ഫണ്ട് കൂടുതൽ നഷ്ടപ്പെടാതിരിക്കാൻ സഹായകരമായി. വരുംവർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന വേളയിൽ നഗരസഭയുടെ ഉന്നമനത്തിന് സഹായകരമല്ലാത്തതോ, ജനങ്ങൾക്ക് |

| | | | | |
|---|---|---|---|---|
| | | | | ഉപകാരപ്രദമല്ലാത്തതോ ആയ പദ്ധതികൾ കടന്നു കൂടാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതും, ആയത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതുമാണ്. |
| 7 | 2004-05 | 4.1.1.2. | | നഗരസഭയിലെ കളിപ്പാൻകുളം വാർഡിലെ സമദർശിനി വായനശാലയോട് ചേർന്നുള്ള സാംസ്കാരിക നിലയനിർമ്മാണത്തിന്റെ പണി നേരിട്ടന്വേഷിച്ചതിൽ 6 വർഷങ്ങൾക്ക് മുമ്പ് പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്ന് നിലവിലെ കോർപ്പറേഷൻ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.<br><br>എന്നാൽ ഇതു സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കുന്നതിനുവേണ്ടി വളരെയധികം തിരച്ചിൽ നടത്തിയിട്ടും അവ കണ്ടെടുക്കാൻ കഴിഞ്ഞില്ല എന്നുള്ള കോർപ്പറേഷൻ എഞ്ചിനീയറുടെ ഉപ്പോഴത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 8. | 2004–05 | 4.1.1.2 | | ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളും, രജിസ്റ്ററുകളും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന ഇപ്പോഴത്തെ കോർപ്പറേഷൻ എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ ബാധ്യത തിട്ടപ്പെടുത്തി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 9 | 2005-06 | 3.1.1 | | (1) 2001-02 വർഷത്തിൽ എ.ഡി.എസ്.കൾക്ക് തൊഴിൽ യൂണിറ്റ് തുടങ്ങുന്നതിനായി വായ്പ നൽകിയിരുന്നത് ഒരു യൂണിറ്റ് ഒഴികെ ബാക്കി എല്ലാ യൂണിറ്റുകളും തിരിച്ചടച്ചിട്ടുണ്ട്. വരുമാനം ഉണ്ടാകുന്ന മുറയ്ക്ക് 'പലിശ അടയ്ക്കുന്നതിന് വേണ്ടി ടി യൂണിറ്റുകൾക്ക് രേഖാമൂലം കത്ത് നൽകിയിരുന്നു. ആരുംതന്നെ പലിശ തിരിച്ചടച്ചിട്ടില്ല. യൂണിറ്റുകളുടെ പ്രവർത്തനം പരിശോധിച്ച് മാസം തോറും റിപ്പോർട്ട് നൽകുന്നതിന് കമ്മ്യൂണിറ്റി - ഓർഗനൈസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>(2) സി.ഡി.എസ്.ഗവേണിംഗ് ബോഡി തീരുമാന പ്രകാരം ധാരാമീററർ റിപ്പയറിംഗ് യൂണിറ്റിന് 1.50 ലക്ഷം രൂപ വായ്പ നൽകുകയും ടി തുക തിരികെ ഒടുക്കു വരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>(3) പൂന്തുറ എ.ഡി.എസ്.-ന്റെ ഫ്രണ്ട്സ് മിൽക്ക് പ്രോഡക്ട്സ് വായ്പയായി 75000/-രൂപ നൽകിയിരുന്നു. എന്നാൽ ടി യൂണിറ്റിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ വീഴ്ച കണ്ടതിനെ തുടർന്ന് തുക പലിശ സഹിതം |

| | | | | |
|---|---|---|---|---|
| | | | | തിരിച്ചടയ്ക്കാൻ കത്ത് നൽകുകയുണ്ടായി. ടി സംരംഭത്തിന് ലോൺ നൽകിയ എസ്.ബി.റ്റി. ചാല ബ്രാഞ്ചിലുള്ള ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 28950/-രൂപ അവശേഷിച്ചതായി കണ്ടെത്തുകയും, ടി തുക സി.ഡി.എസ്. • മെമ്പർ സെക്രട്ടറിയുടെ പേർക്ക് 21-1-2008-ൽ 00129-ാം നമ്പർ ചെക്ക് പ്രകാരം ടി ബാങ്കിൽ നിന്നും ലഭിക്കുകയും ആയത് എസ്.ബി.റ്റി. വികാസ്ഭവൻ ബ്രാഞ്ചിലുള്ള SJSRY അക്കൗണ്ട് നമ്പർ 57044140922-ൽ ക്രഡിറ്റ് ചെയ്തിട്ടുള്ളതുമാണ്. ബാക്കി തുകയും പലിശയും സഹിതം ഈടാക്കുന്നതിനായി ടി യൂണിറ്റിന്റെ ഗ്രൂപ്പ് ലീഡർക്കും സെക്രട്ടറിക്കും എതിരേ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 10 | 2005-06 | 3.1.2 | | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായി നിയമോപദേശം, വൈദ്യ സഹായം, ആരോഗ്യം വിദ്യാഭ്യാസം, മാനസിക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി ആറ്റുകാൽ CWC-യിൽ ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. നല്ല നിലയിൽ പ്രവർത്തിച്ചുവരികയും ചെയ്തിരുന്നു. എന്നാൽ സ്ഥലപരിമിതി കാരണം തുടർ പ്രവർത്തനം നടത്താൻ കഴിയാതെ വന്നു. അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ടി സെന്ററിന്റെ പ്രവർത്തനം കാലതാമസം കൂടാതെ ആരംഭിക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 11. | 2005-06 | 3.1.3 | | ശ്മശാനം ഒരു സർവ്വീസ് ആയതിനാലാണ് കേടു വന്ന ശ്മശാനം അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ ശ്മശാനം പ്രവർത്തനക്ഷമമാക്കുകയും ആയത് പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ "ശാന്തികവാടം" എന്ന പേരിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നതുമാണ്. |

V. SOBHA
Additional Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.